# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAIDK 11/734/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK 11/734/2021 തീയ്യതി: 30/09/2021

## ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 11-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നിഗ്ദ്ധ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 19-07-2021 |
| ശ്രീമതി. സിനി എം. വി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-07-2021 | 22-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 22-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി. എസ്. ധനജയൻ (ഓഡിറ്റ് ഓഫീസർ)
ശ്രീ. വി. ജി. സജിമോൻ (ഓഡിറ്റ് ഓഫീസർ)
ശ്രീ. എം. കെ. അഭിലാഷ് (അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ. ബെന്നി മാത്യു (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ജോമോൻ ഫ്രാൻസിസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജേശ്വരി രാജൻ | പ്രസിഡന്റ് | 01-04-2019 | 13-11-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 14-11-2020 | 16-01-2021 |
| ശ്രീ ജോർജ്ജ് ജോസഫ് | പ്രസിഡന്റ് | 17-01-2021 | 31-03-2021 |
| ശ്രീ ഗിരീഷ് വി ജെ | സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീ ഉജയകുമാർ കെ പി | സെക്രട്ടറി | 13-06-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽകുമാർ വി | അസി.സെക്രട്ടറി( അധിക ചുമതല) | 01-04-2020 | 15-06-2020 |
| ശ്രീ കെ ജി ജോഷി | അസിസ്റ്റന്റ് സെക്രട്ടറി( അധിക ചുമതല) | 16-06-2020 | 24-06-2020 |
| ശ്രീ സജീവ് പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 25-06-2020 | 31-03-2021 |
| ശ്രീ പ്രമോദ് പി ബി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ സരീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി ആതിര കെ കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജോസഫ് പി മോസസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 25-11-2020 |
| ഡോ രജിത വിൻസെന്റ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 26-11-2020 | 31-03-2021 |
| ഡോ ഗ്ലാഡി എം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷിബുമോൾ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ സിജോഷ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ ബിനോഷ് തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 01-03-2021 |
| ശ്രീമതി. ശാരിക കെ. യു. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 01-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 09-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 22-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Benny Mathew (Auditor, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Benny Mathew (Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 02-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 23-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-11 |
| 12 | ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Jomon Francis (Senior Grade Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-12 |
| 13 | രസീത് ബുക്കുകളുടെ ഉപയോഗം - അപാകതകൾ<br>Written By: Jomon Francis (Senior Grade Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-13 |
| 14 | വാടക കുടിശിക സംബന്ധിച്ച്<br>Written By: Jomon Francis (Senior Grade Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-14 |
| 15 | കംഫർട്ട് സ്റ്റേഷൻ, ബസ്റ്റാൻഡ് എന്നിവ ലേലത്തിൽ നൽകുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Jomon Francis (Senior Grade Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-15 |
| 16 | മരുന്ന് ലഭ്യമായില്ല<br>Written By: Jomon Francis (Senior Grade Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-16 |
| 17 | വാങ്ങിയ ഫർണ്ണീച്ചർ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. ചെലവ് തടസ്സം - ₹20,000/-<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-17 |
| 18 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-18 |
| 19 | പ്രാഥമിക ആരോഗ്യകേന്ദ്രം - മരുന്ന് ലഭ്യമാകാത്തത്<br>Written By: Benny Mathew (Auditor, On 16-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-19 |
| 20 | വാട്ടർ ടാങ്ക് വിതരണം - അപാകതകൾ, ചെലവ് തടസ്സം - ₹45940/-<br>Written By: M.K.Abhilash (Asst. Audit Officer, On 14-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-20 |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തടസ്സം - ₹1,00,000/-<br>Written By: M.K.Abhilash (Asst. Audit Officer, On 14-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-21 |
| 22 | സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതെ കരാറുകാരന് അധിക തുക അനുവദിച്ചു<br>Written By: V G Sajimon (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-22 |
| 23 | ഗ്രാമസഭാ സംഘാടനം<br>Written By: V G Sajimon (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-23 |
| 24 | സുലേഖയിൽ ഉൾപ്പെടുത്താതെ പ്രോജക്ടുകൾ നടപ്പാക്കി<br>Written By: V G Sajimon (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-24 |
| 25 | ഇ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 19-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-25 |
| 26 | ഓവർഹെഡ് ചാർജ്ജ്/GST നഷ്ട പരിഹാരം നല്കൽ സമ്പ്രദായങ്ങൾ പഞ്ചായത്തുകൾക്ക് വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു<br>Written By: V G Sajimon (Audit Officer, On 19-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-26 |
| 27 | ഓഡിറ്റ് റിക്വിസിഷൻ, സമ്മൻസ് എന്നിവ അവഗണിച്ചു. ഐ.സി.ഡി.എസ് സൂപ്പർവൈസർ ഫയലുകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സം ₹4411267/-<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-27 |
| 28 | ലൈഫ് പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 15-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 1-28 |
| 29 | ലൈഫ് പദ്ധതി - മുടങ്ങിപോയ ഭവനങ്ങളുടെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 15-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 24-09-2021) | 1-29 |
| 30 | ജൈവവളം വിതരണം-₹3,25,032/-യുടെ അധിക ചെലവ്<br>Written By: M.K.Abhilash (Asst. Audit Officer, On 15-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 24-09-2021) | 1-30 |
| 31 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ<br>Written By: Jomon Francis (Senior Grade Auditor, On 21-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 24-09-2021) | 1-31 |
| 32 | മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സം ₹17,30,000/- | 1-32 |

| | | |
|---|---|---|
| | Written By: M.K.Abhilash (Asst. Audit Officer, On 22-07-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 24-09-2021) | |
| 33 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ<br>Written By: V G Sajimon (Audit Officer, On 08-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 24-09-2021) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതെ കരാറുകാരന് അധികത്തുക അനുവദിച്ചു<br>Written By: V G Sajimon (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 3-1 |
| 2 | ജൈവവളം വിതരണം-₹325032/- യുടെ അധിക ചെലവ്<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.S.Dhanajayan (Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: T.S.Dhanajayan (Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Benny Mathew (Auditor, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.S.Dhanajayan (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.S.Dhanajayan (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.S.Dhanajayan (Audit Officer, On 15-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 24-09-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 29-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 22-07-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 16-07-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 04.03.2019-ൽ പാസാക്കിയ ബജറ്റ്, പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 27.03.2020-ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 29.01.2021-ൽ ബജറ്റ് പുതുക്കുകയും, പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 17.02.2021-ലെ 1/1 തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹2,91,27,966/- മുന്നിരിപ്പും ₹31,63,35,947/- വരവും ₹33,93,96,344/- ചെലവും ₹60,67,569/- നീക്കിയിരിപ്പും ഉണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ തുകകളുമായി വലിയ അന്തരം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം (₹) | വാർഷിക കണക്കുകൾ പ്രകാരം (₹) | വ്യത്യാസം (₹) | വ്യത്യാസം (%) |
|---|---|---|---|---|
| മുന്നിരിപ്പ് | 29127966 | 38439258 | -9311292 | -31.97 |
| വരവ് | 316335947 | 118509293 | 197826654 | 62.54 |
| ചെലവ് | 339396344 | 132354270 | 207042074 | 61.00 |
| നീക്കിയിരിപ്പ് | 6067569 | 24594281 | -18526712 | -305.3 |

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് അനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പായി സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ് [സെക്ഷൻ 214 (1)]. എന്നാൽ ഇപ്രകാരമുള്ള ബജറ്റ് നടപടി ക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല എന്നു കാണുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ചതീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 25.06.2021 | .... | .... |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹38439258 |
| വരവ് | ₹118509293 |
| ആകെ | ₹156948551 |
| ചെലവ് | ₹132354270 |
| നീക്കിയിരിപ്പ് | ₹24594281 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 39723658 | 39723658 | 28083658 | 11640000 |
| | എസ്.സി.പി | 0 | 2863754 | 2863754 | 1510302 | 1353452 |
| | റ്റി.എസ്.പി | 0 | 6103675 | 6103675 | 4854031 | 1249644 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 24927239 | 24927239 | 13970452 | 10956787 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 7769613 | 7769613 | 7035155 | 734458 |
| | റോഡ് | 0 | 16555000 | 16555000 | 14372571 | 2182429 |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 8153 | 5064260 | 5072413 | 4713671 | 358742 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 128728829 | 128728829 | 128728829 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 894000 | 894000 | 894000 | 0 |
| | ഐ.സി.ഡി.എസ് | 1031790 | 1114866 | 2146656 | 1089355 | 1057301 |
| | ടോട്ടൽ സാനിറ്റേഷൻ | 1290000 | 0 | 1290000 | 670000 | 620000 |
| | പശ്ചിമഘട്ട വികസനം | 285588 | 8868 | 294456 | 0 | 294456 |
| | എസ്.എസ്.എ | 45863 | 1424 | 47287 | 0 | 47287 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 139609 | 2976053 | 3115662 | 560000 | 2555662 |
| | ജലനിധി | 233765 | 9153 | 242918 | 0 | 242918 |
| | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 281826 | 0 | 281826 | 281826 | 0 |
| | മഴക്കാല പൂർവ്വ ശുചീകരണം | 0 | 180000 | 180000 | 0 | 180000 |
| | ലൈഫ് ഭവനപദ്ധതി | 4091191 | 0 | 4091191 | 4091191 | 0 |
| | എം. എൽ. എ. ഫണ്ട് | 13754 | 427 | 14181 | 0 | 14181 |
| | ജവഹർഭവന പദ്ധതി | 1000 | 0 | 1000 | 0 | 1000 |
| | സാക്ഷരത | 1686 | 34 | 1720 | 0 | 1720 |
| | കുടുംബശ്രീ | 0 | | 0 | 0 | |
| | വിമുക്തി | 503136 | 12226057 | 12729193 | 10729193 | 2000000 |
| മറ്റ് ഫണ്ടുകൾ | മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം | 1720000 | 0 | 1720000 | 1720000 | |

| | | | | | | |
|---|---|---|---|---|---|---|
| | Development Fund General Capital | 3760336 | 0 | 3760336 | 3760336 | 0 |
| | ആയുർവ്വേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി | 806658 | 0 | 806658 | 781000 | 25658 |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 2500000 | 0 | 2500000 | 2106000 | 394000 |
| | ആയുർവ്വേദ ഹോസ്പിറ്റൽ നിർമ്മാണം | 400000 | 0 | 400000 | 400000 | 0 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | 1168000 | 550000 | 1718000 | 1030379 | 687621 |
| | ജില്ലാ പഞ്ചായത്ത് | 568000 | 0 | 568000 | 568000 | 0 |

ജി.ഒ. പദ്ധതികൾ പ്രകാരമുള്ള കുറയ്ക്കലുകൾ എ.സി.ആർ-ൽ പ്രതിഫലിച്ചിട്ടില്ലെങ്കിലും സുലേഖയിലുണ്ട്. ആയതിനാൽ വികസന ഫണ്ടിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും ചെലവുകൾ സുലേഖ പ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് ഇനങ്ങളിൽ യഥാക്രമം രണ്ട്, മൂന്ന് പദ്ധതികൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ എ.സി.ആർ പ്രകാരമുള്ള ചെലവുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

1. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 10021748 | 12 | 3881093 | 38.73 |
| വെറ്ററിനറി സർജൻ | 10 | 6322423 | 6 | 2178700 | 34.46 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 6 | 1531300 | 6 | 1326360 | 86.62 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 650000 | 2 | 650000 | 100.00 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 1700000 | | 1700000 | 100.00 |
| എസ്.ഐ ഫിഷറീസ് | 2 | 3777000 | 0 | | 0.00 |
| വി.ഇ.ഒ. | 18 | 61174000 | 12 | 8987139 | 14.69 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 8100886 | 7 | 4911267 | 60.63 |
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 36 | 17385666 | 20 | 9749676 | 56.08 |
| ഹെഡ് മാസ്റ്റർ, ഗവ എൽ.പി. സ്കൂൾ | 6 | 900000 | ൦ | ൦ | 0.00 |
| അസിസ്റ്റന്റ് എൻജിനീയർ | 168 | 53994647 | 136 | 36622727 | 67.83 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 5617370 | 2 | 2467370 | 43.92 |
| അസി.സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 7 | 861147 | 7 | 599419 | 69.61 |
| ആകെ | 290 | 172036187 | 210 | 73073751 | 42.48 |

290 പദ്ധതികൾക്കായി ₹17,20,36,187/- വകയിരുത്തിയിരുന്നുവെങ്കിലും 210 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. (₹7,30,73,751/- മാത്രമാണ് ചെലവ്).

2. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ട് | മേഖല | പ്രോജക്റ്റിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 26 | 25004818 | 8143194 |
| | സേവനം | 90 | 46037205 | 25719011 |
| | പശ്ചാത്തലം | 142 | 47159647 | 32847213 |
| പട്ടിക ജാതി വിഭാഗം | ഉത്പാദനം | 1 | 401480 | 0 |
| | സേവനം | 10 | 10737392 | 1510302 |
| പട്ടിക വർഗ്ഗ വിഭാഗം | ഉത്പാദനം | 2 | 352243 | 183969 |
| | സേവനം | 11 | 40333407 | 2829502 |
| | പശ്ചാത്തലം | 8 | 2010000 | 1840560 |
| | ആകെ | 290 | 172036187 | 73073751 |

3. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഘടകം | പ്രോജക്റ്റിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|
| വനിതാ ഘടകം | 9 | 7 | 10309118 | 5152600 |
| കുട്ടികൾ | 7 | 4 | 1443200 | 1023200 |
| വൃദ്ധർ | 4 | 3 | 2422900 | 1597203 |
| ഭിന്നശേഷിക്കാർ | 9 | 4 | 3780600 | 1993374 |
| മറ്റ് ദുർബല | 2 | 2 | 196829 | 196829 |

| | | | | |
|---|---|---|---|---|
| വിഭാഗം | | | | |
| പാലിയേറ്റീവ് കെയർ | 4 | 4 | 1339000 | 1184060 |
| ആകെ | 35 | 24 | 19491047 | 11147266 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ് ) | 8153 | 5064260 | 5072413 | 4713671 | 358742 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 128728829 | 128728829 | 128728829 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 894000 | 894000 | 894000 | 0 |

1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 8165800 | 19 |
| വിധവാ പെൻഷൻ | 13724000 | 61 |
| വാർദ്ധക്യകാല പെൻഷൻ | 31786800 | 172 |
| വികലാംഗ പെൻഷൻ | 5427100 | 6 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 312200 | 1 |
| വിവാഹ ധനസഹായം | 510000 | 2 |
| തൊഴിലില്ലായ്മ വേതനം | 3600 | 3 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3,757/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്കുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇതുമായി ബന്ധപ്പെട്ടുനടത്തുന്ന നിക്ഷേപങ്ങളുടെ വിവരം ഉൾപ്പെടുത്തുന്നില്ല. ഇക്കാര്യം ആരെങ്കിലും മോണിട്ടറിംഗ് നടത്തുകയോ തുടർന്ന് നിരീക്ഷിക്കുന്ന രീതിയിൽ എവിടെയെങ്കിലും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

6. പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

7. ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ സൂപ്പർവൈസിംഗ് ഓഫീസർ എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല.

8. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

9. തനത് വരുമാനം

ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നു വന്നിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.01.2021 | 12/2020-01/2021 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.14 | 2013-14 | 02.08.14 |

1-11 വാർഷിക കണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1 | ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ ഏതൊക്കെ അക്കൌണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. |
| 2 | (I) വർഷാവസാനം ഒടുക്കാൻ ബാക്കി നിൽക്കുന്ന ലോൺ തുകകൾ [Balance Sheet – ലെ B(5), B(16) ] ബന്ധപ്പെട്ട ലോൺ രജിസ്റ്ററിലെ തുകകളുമായും പൊരുത്തപ്പെടുന്നില്ല.<br>(II) തൻവർഷം ജവഹർ ഭവന പദ്ധതിയിൽ ₹25,00,000/-യും ലൈഫ് മിഷൻ പദ്ധതിയിൽ ₹41,25,291/-യും തിരിച്ചടവുള്ളതായി രജിസ്റ്ററിൽ കാണുന്നു. എന്നാൽ പ്രസ്തുത തിരിച്ചടവ് വിവരങ്ങൾ I&E, R&P ഷെഡ്യൂളുകളിൽ വന്നിട്ടില്ല. |
| 3 | (I) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.<br>(II) വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 4 | ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക ₹13,20,957/-. അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് ₹2,65,092/-യാണ്. |
| 5 | വസ്തു നികതിയിനത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വരവ് കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. (table below) |

| വസ്തു നികതി | കടിശ്ശിക | വാർഷിക കണക്കുകൾ പ്രകാരം ₹ | സഞ്ചയ പ്രകാരം ₹ |
|---|---|---|---|
| Non-Residential | Arrears | 3905425 | 898253 |
| | Current | 687047 | 504849 |
| Residential | Arrears | 1395288 | 998315 |
| | Current | 620503 | 764946 |

| | |
|---|---|
| 6 | ബി-15 ഷെഡ്യൂളിൽ D&O ലൈസൻസ് എന്ന ഇനത്തിൽ മുൻവർഷങ്ങളിലെ കടിശ്ശികയായി ₹1,99,890/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. D&O ഇനത്തിൽ പിരിച്ചെടുക്കുന്ന തുക തന്നെയാണ് ഡിമാന്റ് ആയി ഉൾപ്പെടുത്തേണ്ടത് എന്നതിനാൽ ബാലൻസ് ഷീറ്റിൽ ഇപ്രകാരം തുക ഉൾപ്പെടുത്തുന്നത് തെറ്റാണ്. |
| 7 | കടിശ്ശിക തുകകൾക്ക് നാമമാത്രമായി പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വർക് ഷീറ്റ് ലഭ്യമാക്കാത്തതിനാൽ മതിയായ രീതിയിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാനായില്ല. |
| 8 | ഉപോൽബലകമായ രേഖകളുടെ പിൻബലമില്ലാതെ I-18 Prior Period Items-ൽ ഉൾപ്പെടുത്തി തുകകൾ എഴുതിത്തള്ളിയിരിക്കുന്നു. |
| 9 | വാർഷിക കണക്ക് ഷെഡ്യൂൾ B-5 പ്രകാരം KURDFC ലോൺ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. ₹5,70,33,103/- ആണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തുക ₹5,43,17,497/- ആണ്. ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി തന്നിരിക്കുന്നു. |

1-12 ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/17-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പുകൾ പ്രകാരം 1996-ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടങ്ങൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുമുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക - 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച്

പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ചട്ടപ്രകാരം സെക്രട്ടറി പുതിയ ഫീസ് നിരക്ക് തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതുമുണ്ട്. പുതിയ നിരക്ക് ഭരണസമിതി ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക ₹4,000/-യിൽ നിന്നും ₹15,000/-യായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് അനുവദിക്കൽ ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് ഓഡിറ്റിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. പുതുക്കിയ ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും 2018-19 സാമ്പത്തിക വർഷം വിറ്റുവരവിന് ആനുപാതികമായാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

ഇത്തരം അപാകതകൾ ഒഴിവാക്കി ഭേദഗതി ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 രസീത് ബുക്കുകളുടെ ഉപയോഗം - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്നും ഔട്ട് ഡോർ കളക്ഷൻ, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഗുണഭോക്തൃ വിഹിതം പിരിക്കൽ എന്നീ ആവശ്യങ്ങൾക്കായി നൽകിയ രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

- രസീത് ബുക്കുകളിൽ സെക്രട്ടറി എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. ഉദാഹരണം രസീത് ബുക്ക് നം. 25460, 25461, 25462, 25463, 25464, 48916, 48930, 48931. എല്ലാ രസീത് ബുക്കുകളിലും എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്.
- കൃഷി ഓഫീസർക്ക് നൽകിയ രസീത് ബുക്കുകളിൽ രസീത് നൽകിയ തീയതി രേഖപ്പെടുത്തുന്നില്ല. രസീത് ബുക്കുകൾ പ്രകാരം പിരിച്ച തുക യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കില്ല. രസീത് ബുക്കുകളിൽ തീയതി രേഖപ്പെടുത്തേണ്ടതും പിരിവ് തുക യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
- ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം. രസീത് ബുക്ക് നം. 25465/30, 25465/31. ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- അസ്സിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയ രസീത് ബുക്കുകൾ ഉപയോഗിച്ച് ടെണ്ടർ ഫോറങ്ങളുടെ വില ഈടാക്കിയിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത് സാംഖ്യ ഡേ ബുക്ക് ഉപയോഗിച്ച് പരിശോധിച്ചുറപ്പാക്കിയിട്ടുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ഗ്രാമപഞ്ചായത്തിൽ തുക ഒടുക്കിയതിന്റെയോ വിശദാംശംങ്ങളോ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വാടക കടിശിക സംബന്ധിച്ച്

2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വാടകക്കാർ വാടക ഒടുക്കിയിട്ടില്ല.

| ക്രമ നം. | മുറി നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക ₹ | കടിശിക ₹ |
|---|---|---|---|---|
| 1 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -6 | സന്തോഷ് കെ വി, കടമാനത്ത് | 731 | 8772 (731*12) |
| 2 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -7 | ബിജു എം ജേക്കബ് | 550 | 6600 (550*12) |
| 3 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -9 | മനേഷ് കെ എസ്, കട്ടിക്കയത്ത് | 354 | 4248 (354*12) |
| 4 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -13 | റെജിമോൻ പടലോടിയിൽ | 1050 | 12600 (1050*12) |
| 5 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -20 | റെജിമോൻ പടലോടിയിൽ | 662 | 7944 (662*12) |
| 6 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -21 A | രാജു സി കെ ചടയമാക്കൽ | 632 | 7584 (632*12) |
| 7 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -21 G | സാബു പി കെ പാലക്കൽ | 656 | 3936 (656*6) |
| 8 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -23 | പി കെ ബാബു, പുള്ളോലിൽ | 284 | 3408 (284*12) |
| 9 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -25 | ബിജും എം ചാക്കോ | 2000 | 24000(2000*12) |
| 10 | ചേലച്ചുവട് ഷോപ്പിംഗ് കോംപ്ലക്സ് - CHVD-1 | സുരേഷ് തെക്കേക്കുറ്റ് | 3374 | 40488 (3374*12) |

താഴെ കൊടുത്തിരിക്കുന്ന മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല.

| ക്രമ നം. | കെട്ടിടത്തിന്റെ വിശദാംശംങ്ങൾ |
|---|---|
| 1 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -1 |
| 2 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -12 |
| 3 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -18 |
| 4 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -21 C |
| 5 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -21 D |
| 6 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -21 C |
| 7 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -21 E |
| 8 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -21 F |
| 9 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് KTD -23 |
| 10 | അട്ടിക്കളം ഷോപ്പിംഗ് കോംപ്ലക്സ് - ATKLM-1 |
| 11 | അട്ടിക്കളം ഷോപ്പിംഗ് കോംപ്ലക്സ് - ATKLM-2 |
| 12 | കഞ്ഞിക്കുഴി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് - KKY New -2 |

വാടക കടിശിക ഈടാക്കാത്തത് സംബന്ധിച്ചും മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ലാത്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/14 തീയതി. 14.07.2021) ലഭ്യമാക്കിയ മറുപടിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലമാണ് ലേലത്തിലെടുത്തവർ മുറികൾ ഏറ്റെടുക്കുന്നതിന് തയ്യാറാകാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുറികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകക്കാരുമായി കരാർ ചമച്ചിട്ടുള്ളതിനാൽ കടിശ്ശിക ഇക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കേണ്ടതാണ്. മറ്റ് കടിശികക്കാരിൽ നിന്നും വാടക പലിശസഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

- ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് നൽകാവുന്നതുമായ എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരമുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിൽ ഓരോ മുറിക്കും നിശ്ചയിച്ചിട്ടുള്ള വാടക രേഖപ്പെടുത്തേണ്ടതുമാണ്.
- കടിശിക ഡിമാന്റ് രജിസ്റ്റർ - ഒരോ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ വാടക കടിശികയായിട്ടുള്ളവരുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും കടിശികയുടെ വിശദാംശങ്ങൾ അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി എന്നിവ ഉണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷം വാടകയ്ക്ക് നൽകുക. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം കത്തകക്കാർ കെട്ടിടങ്ങൾ ലേലത്തിൽ കൊണ്ടതിന് ശേഷം ഒഴിവാകുന്നതിനും തന്മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നതിനും കാരണമാകുന്നു. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 കംഫർട്ട് സ്റ്റേഷൻ, ബസ്റ്റാൻഡ് എന്നിവ ലേലത്തിൽ നൽകുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കഞ്ഞിക്കുഴി, ചേലച്ചുവട് പഴയരിക്കണ്ടം എന്നിവിടങ്ങളിലുള്ള ബസ്സ്റ്റാന്റുകൾ, കംഫർട്ട് സ്റ്റേഷൻ എന്നിവ 2019-20 & 2020-21 വർഷങ്ങളിൽ ലേലത്തിൽ നൽകിയിട്ടില്ല. ബസ്സാന്റുകളും കംഫർട്ട് സ്റ്റേഷനുകളും ലേലത്തിൽ നൽകിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/തീയതി.15.07.2021) നൽകിയ മറുപടിയിൽ കംഫർട്ട് സ്റ്റേഷനുകൾ 2019-20 വർഷത്തിൽ ലേലത്തിൽ നൽകിയെങ്കിലും ആരും ലേലം കൈക്കൊണ്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2020-21 വർഷത്തിൽ ചേലച്ചുവട് കംഫർട്ട് സ്റ്റേഷൻ മാത്രമാണ് ലേലത്തിൽ നൽകിയിട്ടുള്ളത്. മറ്റ് കംഫർട്ട് സ്റ്റേഷനുകൾ ഓഡിറ്റ് തീയതി വരെയും ലേലത്തിൽ നൽകിയിട്ടില്ല. കംഫർട്ട് സ്റ്റേഷനുകൾ ലേലത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ്സ്റ്റാന്റുകൾ ലേലത്തിൽ നൽകിയിട്ടില്ലാത്തത് സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലും സൂചിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും ബസ്സ്റ്റാന്റുകൾ ലേലത്തിൽ നൽകുന്നതിന് പകരം ബസുകൾ കയറുന്നില്ലായെന്നുള്ള മറുപടി മാത്രമാണ് ലഭ്യമാക്കുന്നത്. ഗ്രാമപഞ്ചായത്തിന് എതിർവശത്തുള്ള കഞ്ഞിക്കുഴി ബസ്സ്റ്റാന്റിന്റെ സേവനം യാത്രക്കാരും ബസുകളും ഉപയോഗപ്പെടുത്തുന്നുമുണ്ട്. കെ.യു.ആർ.ഡി എഫ്-ൽ നിന്നും ലോൺ മുഖേന നിർമ്മിച്ച കഞ്ഞിക്കുഴി ബസ്സ്റ്റാന്റ് നാളിതുവരെയും ലേലത്തിൽ നൽകിയിട്ടില്ലാത്തത് പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തെ സാധൂകരിക്കുന്നതല്ല. തന്മൂലം ഗ്രാമപഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടവുമുണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് ബസ്സ്റ്റാന്റുകളും ലേലത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പദ്ധതി നമ്പർ | S0004/2021, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| പദ്ധതി | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൾ |
| അടങ്കൽ | ₹5,00,000/- |
| ചെലവ് | ₹5,00,000/- ബിൽ നം. 1/15.12.2020. |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി പ്രകാരം ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹1,78,616/-യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വാങ്ങിയ ഫർണ്ണീച്ചർ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. ചെലവ് തടസ്സം - ₹20,000/-

| | |
|---|---|
| പദ്ധതി നം. | 21/2021 |
| പദ്ധതി | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| അടങ്കൽ | ₹70,000/- |
| ബിൽ നം. | 6/2020-21 തീയതി. 29.03.2021 തുക ₹50,000/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 10 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളായ മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം Gem വഴി ആർട്ടിസാൻസ് കോർപ്പറേഷനിൽ നിന്നും ബിൽ നം KKD 700 തീ 27-03-2021 പ്രകാരം 10 മേശയും കസേരയും ₹5,000/- നിരക്കിൽ വാങ്ങിയിട്ടുണ്ട്. അതിൽ 6 ജോഡി മാത്രം വിതരണം നടത്തിയിട്ടുണ്ട്. വിതരണം നടത്താത്ത 4 എണ്ണത്തിന്റെ വില ₹20,000/-യുടെ ചെലവ് തടസ്സം ചെയ്യുന്നു. ബാക്കിയുള്ളവ വിതരണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 159/20 |
| ബിൽ റഫറൻസ് നമ്പർ | 19100652003501180155 ₹2,25,700/-<br>20100652003500056662 ₹1,65,647/- |

മേൽ ബില്ലുകൾപ്രകാരം 6 കമ്പ്യൂട്ടറുകളും 9 മൾട്ടി ഫങ്ഷണൽ പ്രിന്ററുകളും 7 6001 A യുപിഎസുകളും വാങ്ങുന്നതിനായി കെൽട്രോണിന് ആകെ ₹3,91,347/- നൽകിയിരിക്കുന്നു. എന്നാൽ തുക നൽകിയതല്ലാതെ ഓൺലൈനിൽ വർക്ക് ഓർഡർ പോലും ജനറേറ്റ് ചെയ്യുന്നതിന് സാധിക്കാത്തതിനാൽ തുക തിരികെ ആവശ്യപ്പെട്ടുകൊണ്ട് B2-10594/18 നമ്പരായി 06.10.2020, 22.12.2020 തീയതികളിൽ കത്തുകൾ നൽകിയെങ്കിലും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 പ്രാഥമിക ആരോഗ്യകേന്ദ്രം - മരുന്ന് ലഭ്യമാകാത്തത്

മെഡിക്കൽ ഓഫീസർ (PHC) നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതി പ്രകാരമുള്ള മരുന്ന്/ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

| പദ്ധതി | ചെലവ് വിവരങ്ങൾ | തത് സ്ഥിതി |
|---|---|---|
| പാലിയേറ്റീവ് | ബിൽ | മരുന്ന് വാങ്ങലിന് KMCL-ന് തുക ₹5,00,000/- |

| | | |
|---|---|---|
| കെയർ പദ്ധതി (5/21) | നം.8/17.11.20 5,40,000/- | നൽകിയെങ്കിലും ₹4,09,368/- ന്റെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ₹90,632/- ന്റെ മരുന്നുകൾ ലഭ്യമായിട്ടില്ല. |

പ്രസ്തുത മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വാട്ടർ ടാങ്ക് വിതരണം - അപാകതകൾ, ചെലവ് തടസ്സം - ₹45940/-

| | |
|---|---|
| പദ്ധതി നം. | 130/2021 |
| പദ്ധതി | പട്ടിക ജാതിക്കാർക്ക് വാട്ടർ ടാങ്ക് |
| അടങ്കൽ | ₹3,52,000/- |
| ബിൽ നം. | 4/2020-21 തീയതി 30.03.2021 തുക ₹1,29,310/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെടുന്ന 38 കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം Gem വഴി തൃശ്ശൂർ വിക്ടോറിയ പോളി ഫോമിൽ നിന്നും ഇൻവോയ്സ് നം VPF/4413/20-21 തീ 29-03-2021 പ്രകാരം 38 വാട്ടർ ടാങ്കുകൾ ₹3,402.90 നിരക്കിൽ വാങ്ങിയിട്ടുണ്ട്. ആയതിന്റെ വില ₹1,29,310/- സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് (0437083000000006 SIBL0000437) നൽകിയിട്ടുണ്ട്.

### പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ നൽകുന്നു.

1. 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്കിന് 75% (പരമാവധി ₹3,000/-) നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ സ.ഉ (കൈ)22/18-ലെ ഖണ്ഡിക 6.6 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. 25% ഗുണഭോക്തൃ വിഹിതം തദ്ദേശ സ്വയംഭരണ വകുപ്പിൽ അടയ്ക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ടാങ്കുകളുടെ വിലയായ ₹1,29,310/- ഗുണഭോക്തൃവിഹിതം ഈടാക്കാതെ എസ്.സി.പി ഫണ്ടിൽ നിന്നും നൽകി. ആകെ വിലയുടെ 25% ആയ ₹32,328/- ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതിനാൽ സർക്കാർ ഫണ്ടിന് നഷ്ടമുണ്ടായതായി കാണുന്നു. പ്രസ്തുത വിവരം നിർവ്വഹണ ഉദ്യോഗസ്ഥനെ 13.07.2021-ലെ രണ്ടാം നമ്പർ എൻക്വയറി പ്രകാരം അറിയിച്ചപ്പോൾ ഗുണഭോക്താക്കളിൽ നിന്നും വിഹിതം ഈടാക്കി ട്രഷറി തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുള്ളതാണെന്ന് അറിയിച്ചു. പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് എസ്.സി.പി ഫണ്ടിൽ അടവാക്കുന്നതാണെന്നുമുള്ള മറുപടിയും നൽകി. ആയത് തിരിച്ചടച്ച് വിവരം അറിയിക്കുന്നതിന് വിധേയമായി ₹32,328/-യുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

2. വാങ്ങിയ വാട്ടർ ടാങ്കുകളിൽ 34 എണ്ണമാണ് വിതരണം നടത്തിയിട്ടുള്ളത്. ബാക്കി 4 എണ്ണം വിതരണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിതരണം നടത്താത്ത ടാങ്കുകളുടെ ചെലവ് ₹13,612/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തടസ്സം - ₹1,00,000/-

| പദ്ധതി നം &പദ്ധതി | ബിൽനം തീയതി | തുക ₹ | തുക അടവാക്കിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സ കാരണം |
|---|---|---|---|---|---|
| 35/2021 പി.എം.എ.വൈ (പൊതുവിഭാഗം) | 18/2020-21 തീ. 26.11.2020 | 100000 | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

തുക അടവാക്കിയ സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ₹1,00,000/-യുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതെ കരാറുകാരന് അധിക തുക അനുവദിച്ചു

പ്രോജക്ട് നം.എസ് 050/2021 മില്ലുംപടി കല്ലുങ്കപടി കെട്ട്

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സാങ്കേതികാനുമതി തുക | ₹35,10,000/- ( ആസ്തി പരിപാലന ഗ്രാന്റ് ) |
| കരാർ നം./തീയതി | 45/AE/LSGD/KJZY/2020-21 തീ. 25.01.2021 |
| കരാറുകാരൻ | എടാട്ട് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് |
| അളവു പുസ്തകം | 193/2020-21 |

മില്ലുംപടി കല്ലുങ്കപടി റോഡിൽ 19 മീറ്റർ നീളം X 2 മീറ്റർ ഉയരം X 1.2 മീറ്റർ വീതി അളവുകളികേന്ദ്ര MSME വകുപ്പ്, ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ എന്നിവയിൽ രജിസ്റ്റർ ചെയ്ത സാക്ഷ്യപത്രങ്ങൾ സഹിതമാണ് ക്രമ നമ്പർ 4-ാമത് പ്രകാരമുള്ള കരാർ സ്ഥാപനം ടെൻഡറിൽ പങ്കെടുത്തത്. ധനകാര്യവകുപ്പിന്റെ 07.11.2013-ലെ ജി.ഒ(പി) നം.546/2013 നമ്പർ ഉത്തരവ് അനുസരിച്ച്, മേൽപ്രസ്താവിച്ച രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് ടെൻഡർ ഫോം വില, നിരതദ്രവ്യം ഒടുക്കൽ എന്നീ നിബന്ധനകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മേൽ ഉത്തരവിന്റെ ഖണ്ഡിക D -യിലെ വ്യവസ്ഥകൾ ചുവടെ പരാമർശിക്കുന്നു.

“ In Tender , Participating Micro & Small Enterprises Quoting Price Within Price Band Of L1 + 15% Shall Also Be Allowed To Supply A Portion Of Requirement By Bringing Down Their Price To L1 Price If The L1 Price Is From Some One Other Than The Micro & Small Enterprises And Such Micro & Small Enterprises Be Allowed To Supply 20% Of The Total Tendered Value.” ഇതു പ്രകാരം ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന കരാറുകാരനേക്കാൾ 15 % അധിക തുകയ്ക്കുള്ളിലാണ് MSME കൾ ക്വോട്ട് ചെയ്യുന്നതെങ്കിൽ അവരുടെ നിരക്ക് L1-ലേക്കെത്തിച്ച് ആകെ ടെൻഡർ തുകയുടെ 20 % നടപ്പാക്കാനുള്ള അനുമതി നൽകേണ്ടതാണ്. നിർമാണ പ്രവൃത്തിയായതിനാൽ അതിന്റെ 20 % MSME കൾ വഴി നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ പൂർണമായ നിർവഹണ ചുമതല പ്രസ്തുത സ്ഥാപനത്തിന് നൽകുന്നപക്ഷം അത് L1 വാഗ്ദാനം ചെയ്ത എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20.1 % കുറഞ്ഞ നിരക്കിലായിരുന്നു അനുവദിക്കേണ്ടിയിരുന്നത്. സർക്കാർ ഉത്തരവിലെ നിബന്ധനകൾ ഇതായിരിക്കെ, ടി സ്ഥാപനം ക്വോട്ട് ചെയ്ത 10.52 % അംഗീകരിക്കുകയും ആകെ വേലമൂല്യത്തിൽനിന്ന് 10 % തുക ടെൻഡർ വ്യതിയാനമായി കുറവു ചെയ്ത് ഫൈനൽ ബിൽ നൽകുകയുമാണ് ചെയ്തിട്ടുള്ളത്.ൽ കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ടാണിത്. പ്രസ്തുത പ്രോജക്ടിനുവേണ്ടി 04 ടെൻഡറുകളാണ് സമർപ്പിക്കപ്പെട്ടത്. 2020-21-ലെ ടെൻഡർ രജിസ്റ്ററിന്റെ പേജ് 50 പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | വാഗ്ദാനം ചെയ്ത നിരക്ക് | നിരക്കുകളുടെ താരതമ്യം |
|---|---|---|---|
| 1 | ശ്രീ. പി.കെ. സത്യൻ | 20.1 % (കുറവ് ) | L1 |
| 2 | ശ്രീ. രാജൻ വർഗീസ് | 16.7 % (കുറവ് ) | L2 |
| 3 | ശ്രീ. പി. എസ് രാജീവ് | 16 % (കുറവ് ) | L3 |
| 4 | എടാട്ട് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ,വെൺമണി | 10.52 % (കുറവ് ) | L4 |

കേന്ദ്ര MSME വകുപ്പ്, ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ എന്നിവയിൽ രജിസ്റ്റർ ചെയ്ത സാക്ഷ്യപത്രങ്ങൾ സഹിതമാണ് ക്രമ നമ്പർ 4-ാമത് പ്രകാരമുള്ള കരാർ സ്ഥാപനം ടെൻഡറിൽ പങ്കെടുത്തത്. ധനകാര്യവകുപ്പിന്റെ 07.11.2013-ലെ ജി.ഒ(പി) നം.546/2013 നമ്പർ ഉത്തരവ് അനുസരിച്ച്, മേൽപ്രസ്താവിച്ച രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് ടെൻഡർ ഫോം വില, നിരതദ്രവ്യം ഒടുക്കൽ എന്നീ നിബന്ധനകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മേൽ ഉത്തരവിന്റെ ഖണ്ഡിക D -യിലെ വ്യവസ്ഥകൾ ചുവടെ പരാമർശിക്കുന്നു.

" In Tender, Participating Micro & Small Enterprises Quoting Price Within Price Band Of L1 + 15% Shall Also Be Allowed To Supply A Portion Of Requirement By Bringing Down Their Price To L1 Price If The L1 Price Is From Some One Other Than The Micro & Small Enterprises And Such Micro & Small Enterprises Be Allowed To Supply 20% Of The Total Tendered Value." ഇപ്രകാരം ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന കരാറുകാരനേക്കാൾ 15% അധിക തുകയ്ക്കുള്ളിലാണ് MSME-കൾ ക്വോട്ടുചെയ്യുന്നതെങ്കിൽ അവരുടെ നിരക്ക് L1-ലേക്കെത്തിച്ച് ആകെ ടെൻഡർ തുകയുടെ 20% നടപ്പാക്കാനുള്ള അനുമതി നൽകേണ്ടതാണ്. നിർമാണ പ്രവൃത്തിയായതിനാൽ അതിന്റെ 20% MSME കൾ വഴി നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ പൂർണമായ നിർവഹണ ചുമതല പ്രസ്തുത സ്ഥാപനത്തിന് നൽകുന്നപക്ഷം അത് L1 വാഗ്ദാനം ചെയ്ത എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20.1% കുറഞ്ഞ നിരക്കിലായിരുന്നു അനുവദിക്കേണ്ടിയിരുന്നത്. സർക്കാർ ഉത്തരവിലെ നിബന്ധനകൾ ഇതായിരിക്കെ, ടി സ്ഥാപനം ക്വോട്ട് ചെയ്ത 10.52% അംഗീകരിക്കുകയും ആകെ വേലമൂല്യത്തിൽനിന്ന് 10% തുക ടെൻഡർ വ്യതിയാനമായി കുറവുചെയ്ത് ഫൈനൽ ബിൽ നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

അനുവദിച്ചതും അനുവദിക്കാവുന്നതുമായ തുകയുടെ വിശദാംശങ്ങൾ

| അനുവദിച്ച തുക | | അനുവദിക്കാവുന്ന തുക | |
|---|---|---|---|
| ഇനം | തുക ₹ | ഇനം | തുക ₹ |
| ആകെ വേലമൂല്യം | 313355 | ആകെ വേലമൂല്യം | 313355 |
| (-) ടെൻഡർ വ്യതിയാനം (10%) | 31335 | (-) ടെൻഡർ വ്യതിയാനം (20.1%) | 62984 |
| ബാക്കി തുക | 282019 | ബാക്കി തുക | 250371 |
| (+) GST 12% | 33842 | (+) GST 12% | 30045 |
| ആകെ | 315861 | ആകെ | 280416 |
| (-) GST TDS 2% | 5640 | (-) GST TDS 2% | 5007 |
| (-) IT 1% | 2820 | (-) IT 1% | 2504 |
| (-) KCWWF 1% | 2820 | (-) KCWWF 1% | 2504 |
| കരാറുകാരന് നൽകിയ അറ്റ തുക | 304581 | കരാറുകാരന് നൽകാവുന്ന അറ്റ തുക | 270401 |
| ബിൽ നം. /തീയതി | 20100652010601192433 തീ.05.03.2021 | അധികം നൽകിയ തുക | 34180 |

അധികമായി തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണമെന്തെങ്കിലും നൽകുവാനുള്ളപക്ഷം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും (നം.4/ തീയതി 15.07.2021) മറുപടി സമർപ്പിച്ചില്ല. ടെൻഡർ അംഗീകരിക്കുന്നതിന് മുമ്പായി L4 സ്ഥാപനവുമായി കൂടിയാലോചന നടത്തി L1 നിരക്കിൽ പ്രവൃത്തി നിർവഹിക്കുന്നതിനുള്ള സമ്മതപത്രം വാങ്ങിയതായി രേഖയില്ല. സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് നിരക്ക് സംബന്ധിച്ച വിഷയത്തിൽ വ്യക്തത വരുത്താതിരുന്നതാണ് അധിക ചെലവിന് ഹേതുവായത്. ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാതെ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചതിന് ഉത്തരവാദി അസി. എൻജിനിയറായ ശ്രീ. പി.ബി. പ്രമോദ് ആയതിനാൽ പ്രസ്തുത തുക ടി ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-23 ഗ്രാമസഭാ സംഘാടനം

ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളാണുള്ളത്. പഞ്ചായത്തിന്റെ വികസന-ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി 18 ഗ്രാമസഭകളും അത്ര തന്നെ ഊരുകൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വിഭാവനം ചെയ്ത രീതിയിൽ അവയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നവോയെന്ന വിഷയം ഭരണസമിതി സ്വയംവിമർശന ബുദ്ധിയോടെ വിലയിരുത്തേണ്ടതാണ്. തൻവർഷം 2 തവണ വീതം ഗ്രാമസഭകളും ഊരുകൂട്ടങ്ങളും യോഗം ചേർന്നിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനും 2021-22 പദ്ധതി രൂപീകരണത്തിനുമാണ് തൻവർഷയോഗങ്ങൾ സംഘടിപ്പിച്ചത്. വാർഷിക പദ്ധതിയുടെ മുഖ്യ നിബന്ധനകളായതിനാൽ ഈ രണ്ട് യോഗങ്ങളും ഒഴിവാക്കാനാവാത്തതാണ്. കൂടാതെ ആറുമാസത്തിലൊരിയ്ക്കലെങ്കിലും ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേർന്നിരിക്കണമെന്ന നിയമപരമായ കാലപരിധിയും ( 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 3-ാം വകുപ്പ് പ്രകാരമുള്ളത്) പാലിക്കേണ്ടതുണ്ട്. ജനങ്ങൾ തങ്ങൾക്ക് വേണ്ടതായ പദ്ധതികൾ സ്വയം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനായി രൂപം നൽകിയ വികേന്ദ്രീകൃതാസൂത്രണ സംവിധാനം ഫലപ്രദവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിന് സമയബന്ധിതമായ ഇടപെടലുകൾ ജനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടത് അനിവാര്യമാണ്. ഇത് സാധ്യമാക്കുന്നതിനാണ് 3 മാസം കൂടുമ്പോൾ ഗ്രാമസഭകൾ/ഊരുകൂട്ടം ചേരാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത്. പദ്ധതികളുടെ ജയ-പരാജയങ്ങൾ വിലയിരുത്തുന്നതിനൊപ്പം പരിഹാരമാർഗങ്ങൾ ഉരുത്തിരിയുന്നതിനും ഇത്തരം യോഗങ്ങൾ സഹായകരമാണ്. അനുബന്ധ ക്ഷേമ വിഷയങ്ങളായ പെൻഷൻ അപേക്ഷ തീർപ്പാക്കൽ, പരാതി പരിഹാരങ്ങൾ എന്നിവ കാലികമായി പൂർത്തിയാക്കി നീതി നടപ്പാക്കുന്നതിനും ഗ്രാമസഭായോഗങ്ങൾ അനപേക്ഷണീയമാണ്. എന്നാൽ ഇത്തരത്തിൽ ആറുമാസത്തെ ഇടവേളകളിലേക്ക് ഗ്രാമസഭകൾ നീളുന്നത് ജീവിത സായന്തനത്തിൽ സർക്കാരിൽ നിന്നും ചെറുതെങ്കിലും പെൻഷനായി ലഭിക്കുന്ന സാമ്പത്തിക സഹായം യഥാസമയം കൈപ്പറ്റാനുള്ള സാധുജനങ്ങളുടെ അവകാശം നിഷേധിക്കലായി പരിണമിക്കുന്നു. 2019-20 സാമ്പത്തികവർഷം പെൻഷൻ അപേക്ഷകൾ തീർപ്പാക്കാൻ ഗുരുതരമായ കാലവിളംബം നേരിടേണ്ടി വന്നത് ഇതുമായി ചേർത്തു വായിക്കേണ്ടതാണ്.( ഈ വിഷയത്തിലുള്ള പ്രത്യേക ഖണ്ഡിക അന്യത്ര ചേർത്തിട്ടുള്ളത് കാണുക.).

പാർശ്വവത്ക്കരിക്കപ്പെട്ട ഒരു ജനസമൂഹത്തെ മുഖ്യധാരയിലെത്തിക്കുവാൻ സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തിയതിന്റെ ഫലമായാണ് ഗ്രാമസഭകൾക്ക് പുറമെ പട്ടികവർഗവിഭാഗത്തിനായി ഊരുകൂട്ടങ്ങളും രൂപീകരിച്ചിട്ടുള്ളത്. അവർ വികസന-ക്ഷേമ മേഖലകളിൽ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും ഉന്നയിക്കുവാനും അവയ്ക്കുള്ള പരിഹാരവിഷയങ്ങൾ കണ്ടെത്തുവാനും ഉതകുന്ന വേദികളായാണ് ഊരുകൂട്ടയോഗങ്ങൾ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും അവരിൽ നിന്നുയരുന്ന പദ്ധതി നിർദ്ദേശങ്ങളിൽ പലതും വാർഷിക പദ്ധതിയിൽ ഇടം പിടിക്കുന്നില്ലായെന്നതാണ് വാസ്തവം. ഗ്രാമസഭകൾ/ഊരുകൂട്ടങ്ങളിലെ ഹാജർനില ശുഷ്കമാകുന്നതിനുള്ള മുഖ്യകാരണവും ഇത് തന്നെയാണ്. മിക്ക ഗ്രാമസഭകളും അംഗങ്ങളുടെ പത്ത് ശതമാനമെന്ന നിർബന്ധിത ക്വോറത്തിൽ മാത്രമാണ് നടത്തപ്പെട്ടിരിക്കുന്നതെന്ന് കാണുന്നു. ഹാജർ നില കൃത്രിമമായി സൃഷ്ടിക്കപ്പെട്ടതാണോയെന്ന് സംശയിക്കേണ്ട സാഹചര്യമാണ് തന്മൂലമുള്ളത്. ബഹുജന പങ്കാളിത്തത്തോടെ ഗ്രാമസഭകൾ സാർത്ഥകമാക്കാനുള്ള ആത്മാർത്ഥമായ ശ്രമം നടത്തുന്നതിനായി വിഷയം ഭരണസമിതിയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 സുലേഖയിൽ ഉൾപ്പെടുത്താതെ പ്രോജക്ടുകൾ നടപ്പാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി കണക്കുകൾ ക്രോഡീകരിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സോഫ്റ്റ് വെയറാണ് സുലേഖ. ഓരോ സാമ്പത്തിക വർഷാവസാനവും സർക്കാരിന്റെ പ്രത്യേക തീരുമാനമോ, സാങ്കേതിക പിഴവുകളോ മൂലം, ട്രഷറിയിൽ സമർപ്പിക്കപ്പെട്ടിട്ടും പണമാക്കാൻ കഴിയാത്ത ബില്ലുകൾക്കായി തുടർന്നുള്ള വർഷം സുലേഖ സോഫ്റ്റ് വെയറിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതും പ്രസ്തുത സാമ്പത്തികവർഷത്തെ അലോട്ട്മെന്റിൽനിന്ന് ചെലവെഴുതി ട്രഷറിയിൽ ബിൽ പുനഃസമർപ്പിക്കേണ്ടതുമാണ്. അലോട്ട്മെന്റ് വാങ്ങുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി) 177/2006 നമ്പർ ഉത്തരവിൽ പ്രതിപാദിക്കുന്ന നടപടികൾ വീണ്ടും ആവർത്തിക്കേണ്ടതില്ലായെന്ന സൗകര്യം മാത്രമാണുള്ളത്. എന്നാൽ 2019-20 സാമ്പത്തിക വർഷം "ക്യൂവിൽ" ആയ ചില ബില്ലുകൾ, പ്രോജക്ട് സ്പിൽ ഓവറായി സുലേഖയിൽ ഉൾപ്പെടുത്താതെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ചെലവ് രേഖപ്പെടുത്തി പിൻവലിച്ചതായി കാണുന്നു. തൻമൂലം വാർഷിക പദ്ധതി ചെലവുകണക്കുകളിൽ പ്രസ്തുത പ്രോജക്ടുകളും അവയുടെ ചെലവുകളും ഇടം പിടിക്കാതെ പോയി. ഓരോ വർഷത്തെയും അലോട്ട്മെന്റ് തുക (സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള അധിക വിഹിതമുൾപ്പടെ) സർക്കാർ നിശ്ചയിക്കുന്നത് സുലേഖ സോഫ്റ്റ് വെയറിൽ ക്രോഡീകരിക്കുന്ന വാർഷിക പദ്ധതി ചെലവുകളെ ആധാരമാക്കിയാണ് എന്നതിനാൽ പ്രസ്തുത പിഴവ് അധിക അലോട്ട്മെന്റ് ലഭിക്കാതിരിക്കുന്നതിനും കാരണമായി. സുലേഖയിൽ ഉൾപ്പെടുത്താതെ പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ഫണ്ട് | ചെലവഴിച്ച തുക ₹ | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | S103/2020,വെൺമണി ആയുർവേദാശുപത്രി നവീകരണം | MG(NR) | 212014 | 20100652010600056663/ തീ.11.04.2021 |
| 2 | S149/2020,പുന്നയാർ അംഗൻവാടി നവീകരണം | MG(NR) | 204047 | 20100652010600056673/ തീ.11.04.2021 |
| 3 | S228/2020, സബ്സെന്റർ നവീകരണം | MG(NR) | 618862 | 20100652010600056681/ തീ.11.04.2021 |

| | | | | |
|---|---|---|---|---|
| 4 | S083/2020, മൈലപ്പുഴ വരിയ്ക്കമൂത്തൻ ഐറിഷ് ഡ്രെയിൻ | MG(R) | 258676 | 20100652010600056664/ തീ.11.04.2021 |
| 5 | S029/2020, വെൺമണി പൊക്കംതടിപടി സൈഡ്കെട്ട് & ഫില്ലിംഗ് | MG(R) | 132629 | 20100652010600056662/ തീ.11.04.2021 |

പ്രസ്തുത പിഴവിന് വിശദീകരണം ലഭ്യമാക്കേണ്ടതും വാർഷിക പദ്ധതി കണക്കുകളിൽ പ്രസ്തുത കണക്കുകൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 ഇ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ 09പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2020-21 | 09 | 28600 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-26 ഓവർഹെഡ് ചാർജ്ജ്/GST നഷ്ടപരിഹാരം നല്കൽ സമ്പ്രദായങ്ങൾ പഞ്ചായത്തുകൾക്ക് വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ നിലവിൽ തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇനങ്ങളുടെ നിരക്ക് നിർണയിക്കുവാൻ ആധാരമാക്കുന്നത് 2016-ലെ ഡെൽഹി വില വിവരപ്പട്ടികയും (DSR) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിഷ്കർഷിക്കുന്ന സവിശേഷതകളും (MORD Specifications). ഗ്രാമപഞ്ചായത്തുകളുടെ മരാമത്ത് പ്രവൃത്തികളിൽ സിംഹഭാഗവും റോഡ് നിർമാണ-നവീകരണ പ്രവൃത്തികളായ ടാറിംഗ്, റീടാറിംഗ്, കോൺക്രീറ്റിംഗ്, ഐറിഷ് ഓട, സംരക്ഷണഭിത്തി, കലുങ്കുകൾ എന്നിവയുടെ നിർമാണം തുടങ്ങിയവയാണ്. ഇത്തരം നൂറ് മുതൽ നൂറ്റിയൻപത് വരെ പ്രോജക്ടുകളാണ് ഓരോ വാർഷിക പദ്ധതിയുടെയും ഭാഗമാകുന്നത്. ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ളത് 6 മീറ്റർ വരെ വീതിയുള്ള റോഡുകളുടെ നിർമാണവും നവീകരണവുമാണ്. എന്നാൽ ഏറിയ പങ്കും 3 മീറ്റർ വരെ വീതിയുള്ളവയാണ്. പ്രോജക്ടുകളുടെ ബാഹുല്യം, വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വീതംവെയ്പ്, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ഫണ്ട് അലോട്ട്മെന്റിൽ വരുത്തുന്ന കുറവ്, തുടങ്ങിയ കാരണങ്ങളാൽ ഒരു റോഡ് നിർമാണ പ്രവൃത്തിക്ക് നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്താൻ കഴിയുന്നത് പരമാവധി 5 ലക്ഷം രൂപ മാത്രമാണ്. DSR നിരക്ക് അവലംബമാക്കുന്നതിന് മുൻപ് 3 മീറ്റർ വീതിയുള്ള ഒരു റോഡ് 100 മീറ്റർ ടാറിംഗ് നടത്തുന്നതിന് 2 ലക്ഷം രൂപയും കോൺക്രീറ്റ് ചെയ്യുന്നതിന് 2.5 ലക്ഷം രൂപയും മതിയാകുമായിരുന്നു. എന്നാൽ DSR-നൊപ്പം അതത് സ്ഥലങ്ങളുടെ ഭൂമിശാസ്ത്രപരവും വാണിജ്യപരവുമായ പ്രത്യേകതകൾ പരിഗണിച്ച് അതിന്റെ 50 ശതമാനത്തോളം തുക വില സൂചികാമൂല്യമായും (Cost Index) 10 മുതൽ 20 ശതമാനം വരെ തുക ഓവർഹെഡ് ചാർജായും, 12% രൂപ GST നഷ്ടപരിഹാരമായും കരാറുകാർക്ക് അനുവദിക്കുന്നതിനാൽ, നിലവിൽ അഞ്ച് ലക്ഷം രൂപ അടങ്കലുള്ള ഒരു പ്രോജക്ടിലൂടെ ഒരു റോഡിന്റെ 100 മീറ്റർ ടാറിംഗ്/ 100 മീറ്റർ കോൺക്രീറ്റിംഗ് വേല മാത്രമാണ് പൂർത്തീകരിക്കാൻ കഴിയുന്നത്.

മോർഡ് (MORD ) സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD സോഫ്റ്റ് വെയറിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കുന്നത്. സ്റ്റാന്റേഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അവലംബമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖ ഖണ്ഡിക 4-ൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം വിവരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10%വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് ഖണ്ഡിക 4-ൽനിന്ന് വ്യക്തമാണ്. ബൃഹത്തായ റോഡ് നിർമാണപ്രവൃത്തികൾക്ക് ബാധകമായ മുന്നൊരുക്ക പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതും ഗ്രാമപഞ്ചായത്ത് നിലവിൽ ഏറ്റെടുക്കുന്ന 100 മീറ്റർ റോഡ് നിർമാണം പോലുള്ള നാമമാത്ര പ്രവൃത്തികൾ പരിഗണിക്കുമ്പോൾ തീർത്തും അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4. മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളിൽ മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് കേവലം 100 മീറ്റർ റോഡ് നിർമാണം പോലുള്ള ചെറിയ പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ് വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധിക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ വിലയിരുത്താതെ കരാറുകാർക്ക് OHC ഇനത്തിൽ തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന് വൻബാധ്യത സൃഷ്ടിക്കുന്നു.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ ഖണ്ഡിക നമ്പർ 6-ൽ പരാമർശിക്കുന്ന വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്ക് കണക്കാക്കേണ്ടത് ജി.എസ്.റ്റി ഒഴിവാക്കിയാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എസ്റ്റിമേറ്റിൽ പ്രവൃത്തിയിലെ ഇനങ്ങൾക്ക് ബാധകമായ GST-യ്ക്കുള്ള തുക കരാറുകാരന് പ്രതിഫലത്തിനൊപ്പം നഷ്ടപരിഹാരമായി അനുവദിച്ച നൽകുന്നതിന് Lumpsum ആയി തുക വകയിരുത്തി വേണം ആകെ പ്രോജക്ട് അടങ്കൽ നിശ്ചയിക്കേണ്ടത് (പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 8 കാണുക). അതിൻപ്രകാരം GST-യ്ക്കായി പ്രോജക്ട് അടങ്കലിൽ പ്രത്യേകമായി വ്യവസ്ഥ നൽകുമ്പോൾ കരാറുകാരന് നികുതിയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ജി.എസ്.റ്റി. നഷ്ടപരിഹാരത്തിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് 2019-20 മുതൽ പ്രോജക്ടുകൾ നടപ്പാക്കി വരുന്നത്.

പത്ത് മുതൽ ഇരുപത് ശതമാനം വരെയുള്ള ഓവർ ഹെഡ്സ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) /ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി നീക്കിവച്ചിട്ടുള്ളതാണ് (മുൻഖണ്ഡികയിലെ പരാമർശം കാണുക). ഒരിക്കൽ ഇപ്രകാരം തുക നീക്കിവെച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ ഉൾപ്പെടുത്തുമ്പോൾ കരാറുകാരന് ആയിനത്തിൽ വൻതുക അധികമായി ലഭിക്കുന്നു. രണ്ട്

ശതമാനം ഇക TDS ആയി വസൂലാക്കുന്നതിനാൽ 10 ശതമാനം ഇക പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അധികച്ചെലവാണ്. പ്രതിവർഷം നൂറിലധികം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന ഓരോ ഗ്രാമപഞ്ചായത്തുകൾക്കും ഈയിനങ്ങളിൽ ഓരോ വർഷവും നഷ്ടമാകുന്നത് ലക്ഷക്കണക്കിന് രൂപയാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നഷ്ടമായ ഇകയുടെ ഏകദേശ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ആസൂത്രണം ചെയ്ത മരാമത്ത് പ്രവൃത്തികൾ | നടപ്പാക്കിയവ | ആകെ അടങ്കൽ ₹ | ആകെ ചെലവ് ₹ | 4% OHC ഇനത്തിൽ അധിക ചെലവ് (ആകെ ചെലവ് ഇക X 4 %) (ഇക ആയിരത്തിന്റെ ഗുണിതങ്ങളിൽ) ₹ |
|---|---|---|---|---|---|---|
| 1 | 2019-20 | 166 | 54 | 62534280 | 19396052 | 776000 |
| 2 | 2020-21 | 168 | 136 | 53994647 | 36622727 | 1464000 |
| | ഇരുവർഷങ്ങളിലുമായി അധികം ചെലവഴിച്ച ഇക | | | | | 2240000 |

ഭീമമായ ഇക ഓരോ സാമ്പത്തിക വർഷവും നഷ്ടമാകുന്നവെന്ന് മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽനിന്ന് വ്യക്തമാണ്. ആയാൽ MORD Specification പ്രകാരമുള്ള OHC-യിൽ ഉൾപ്പെടുന്ന GSTഒടുക്കുന്നതിനുള്ള 4% വിഹിതവും GST നഷ്ടപരിഹാരമായി 10%-ഉം (12% - 2%TDS) ഒന്നിച്ച് കരാറുകാർക്ക് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സത്വര ശ്രദ്ധയിൽപ്പെടുത്തി ഭേദഗതി ഉത്തരവുകളിലൂടെ അധിക ബാധ്യതയിൽ നിന്ന് ഒഴിവാകുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 ഓഡിറ്റ് റിക്വിസിഷൻ, സമ്മൻസ് എന്നിവ അവഗണിച്ചു. ഐ.സി.ഡി.എസ് സൂപ്പർവൈസർ ഫയലുകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സം ₹4411267/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വിവരം താഴെ നൽകുന്നു.

| ക്രമ നം | പദ്ധതി നം | പദ്ധതി | അടങ്കൽ ₹ | ചെലവഴിച്ച തുക ₹ |
|---|---|---|---|---|
| 1 | 14/21 | അംഗനവാടി പോഷകാഹാരം | 3500000 | 2801837 |
| 2 | 173/21 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.റ്റി) | 408000 | 404550 |
| 2 | 210/21 | വൃദ്ധർക്ക് കട്ടിൽ (എസ്.റ്റി) | 1017900 | 1017900 |
| 3 | 142/21 | അംഗൻവാടികൾക്ക് അലമാര-ബാക്കി ഇക നൽകൽ | 73380 | 73380 |
| 4 | 315/21 | ബാലപഞ്ചായത്ത് | 68000 | 68000 |
| 5 | 316/21 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 45600 | 45600 |
| | | ആകെ | | 4411267 |

ആയത് ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ, സമ്മൻസ് എന്നിവ നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കുകയോ സൂപ്പർവൈസർ ഹാജരാകുകയോ ചെയ്തിട്ടില്ല. ഇത്തരം നിരുത്തരവാദിത്വപരമായ സമീപനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നും ഉണ്ടായത് തീർത്തും അപലപനീയമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു. ഓഡിറ്റ് റിക്വിസിഷൻ, സമ്മൻസ് എന്നിവ അവഗണിച്ച് ഫയലുകൾ ഹാജരാക്കാത്തതിനാൽ ₹44,11,267/-യുടെ ചെലവ് തടസ്സം ചെയ്യുന്നു. 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 11-ൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ പ്രസ്തുത നിയമത്തിലെ വകുപ്പ് 12, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ചട്ടങ്ങളിലെ ചട്ടം 10-ൽ അനുശാസിക്കുംപ്രകാരമുള്ള കോടതി വ്യവഹാരങ്ങൾ ഉൾപ്പെടെയുള്ള ഇടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-28 ലൈഫ് പദ്ധതി അവലോകനം

### 1) ഫണ്ട് വിശകലനം

ലൈഫ് പദ്ധതിയിൽ നാളിതുവരെ ലഭിച്ച ഇകയുടെ ചെലവ് വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| തനത് | പൊതു വിഭാഗം | 18550400 | 17930389 |
| | എസ്. സി.പി | 2428000 | 2079000 |
| | റ്റി.എസ്.പി | 4920000 | 4920000 |
| ബ്ലോക്ക്പഞ്ചായത്ത് | പൊതു വിഭാഗം | 3518016 | 3440000 |
| | എസ്. സി.പി | 1210000 | 960000 |
| | റ്റി.എസ്.പി | 979150 | 974000 |
| ജില്ലാപഞ്ചായത്ത് | പൊതു വിഭാഗം | 2677178 | 2677178 |
| ഹഡ്കോ വായ്പ | | 63080000 | 63080000 |
| സംസ്ഥാന വിഹിതം | | 27000000 | 25000000 |

### ബി. ഗുണഭോക്തൃ വിശകലനം

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 292 | 12 | 24 | 328 |
| പണി തുടങ്ങാത്തത് | 5 | 1 | 1 | 7 |
| തുടങ്ങിയത് | 287 | 11 | 23 | 321 |
| തറ തീർന്നത് | 4 | 2 | 1 | 7 |
| പണി തീർന്നത് | 283 | 9 | 22 | 314 |

## 1-29 ലൈഫ് പദ്ധതി - മുടങ്ങിപോയ ഭവനങ്ങളുടെ വിവരം

ലൈഫ് ഭവന പദ്ധതി - വീട് പണി മുടങ്ങിയ ഗുണഭോക്താക്കളുടെ വിവരം

| ക്രമനം | ഗുണഭോക്താവ് | നല്കിയ തുക ₹ | മുടങ്ങിയതിന്റെ കാരണം |
|---|---|---|---|
| 1 | തങ്കപ്പൻ നായർ, കൊട്ടാരത്തിൽ | 40000 | മരണപ്പെട്ടു |
| 2 | മാത്യു ഡേവിഡ്, വലിയമാക്കൽ | 40000 | സ്ഥലം ഭവന നിർമ്മാണത്തിന് യോഗ്യമല്ല |
| 3 | സജീവ് രാഘവൻ, മണ്ഡപത്തിൽ | 200000 | അനാസ്ഥ |
| 4 | ബിന്ദു സുരേഷ്, എണ്ണശ്ശേരിയിൽ | 40000 | അനാസ്ഥ |
| 5 | സരസമ്മ തങ്കപ്പൻ, കൊച്ചുമുറിയിൽ | 200000 | മരണപ്പെട്ടു |

മരണപ്പെട്ട ഗുണഭോക്താവിന്റെ അർഹതപ്പെട്ട അവകാശികളെ കണ്ടെത്തിയും മറ്റ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അല്ലാത്ത പക്ഷം തദ്ദേശസ്വയംഭരണ വകപ്പിന്റെ 19-04-2011-ലെ സ.ഉ (കൈ) 1038/11 ഉത്തരവിലെ നിർദ്ദേശാനസരണം 12% പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

## 1-30 ജൈവവളം വിതരണം-₹3,25,032/-യുടെ അധിക ചെലവ്

| | |
|---|---|
| പദ്ധതി നം. | 212/2021 |
| പദ്ധതി | ജൈവവളം വിതരണം |
| അടങ്കൽ | ₹12,99,780/- പൊതു വിഭാഗം<br>₹1,24,968/- ഗുണഭോക്തൃവിഹിതം |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വേപ്പിൻ പിണ്ണാക്ക് വാങ്ങി നൽകൽ പദ്ധതിയിൽ പുളിയന്മല ആഗ്രോ ഇൻഡസ്ട്രീസിസിൽ നിന്നും ടെണ്ടർ മുഖേന കിലോഗ്രാമിന് ₹24.9/- നിരക്കിൽ താഴെ പരാമർശിക്കും പ്രകാരം പ്രകാരം വളം വാങ്ങി നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം: 0893073000000004 SIBL 0000893).

| ബിൽ നം | തീയതി | വളത്തിന്റെ അളവ് (കി.ഗ്രാം) | വില ₹ | സ്ഥാപനത്തിന് നല്കിയ തുക ₹ | ബിൽ നം & തീയതി |
|---|---|---|---|---|---|
| 1861 | 11.02.2020 | 12450 | 310005 | 310005 | 3/2020-21 തീ 21.04.2021<br>2010065200830015766 |
| 1862 | 11.02.2020 | 12450 | 31005 | 31005 | 3/2020-21 തീ 21.04.2021<br>2010065200830019855 |
| 1971 | 190.03.2020 | 7050 | 175545 | 175545 | 8/2020-21 തീ 28.05.2021<br>2010065200830018989 |
| 1915 | 26.02.2020 | 10200 | 253980 | 253980 | 7/2020-21 തീ 29.052021<br>2010065200830018985 |
| | | ആകെ | 1049535 | 1049535 | |

പ്രസ്തുത പദ്ധതി 2019-20 ലെ 24/2020 നമ്പരായുള്ള പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയാണ് (അടങ്കൽ ₹13,50,000/- പൊതു വിഭാഗം ₹4,50,000/-ഗുണഭോക്തൃവിഹിതം). ഈ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതമായി ₹405/- വീതം ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും അതിൽ നിന്നും താഴെ പരാമർശിക്കും പ്രകാരം ഗുണഭോക്തൃ വിഹിതം 2019-20 വർഷം പുളിയന്മല ആഗ്രോ ഇൻഡസ്ട്രീസിസിൽ നൽകിയിട്ടുണ്ട്.

| ട്രഷറി തനത് ഫണ്ട് ചെക്ക് നം. | തീയതി | തുക₹ |
|---|---|---|
| 706520 | 17.02.2020 | 155044 |
| 5706533 | 31.03.2020 | 169988 |
| **ആകെ** | | 325032 |

പൊതുവിഭാഗത്തിന് ജൈവവള പദ്ധതിക്ക് 75% സബ്സിഡി നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ സ.ഉ(കൈ)/22/18 ലെ ഖണ്ഡിക 6.1.1 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിച്ചുവെങ്കിലും പ്രസ്തുത തുക സർക്കാർ ഫണ്ടിൽ നിന്നും കുറവ് ചെയ്യാതെയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. ആയതിനാൽ ₹3,25,032/-യുടെ അധിക ചെലവ് വന്നതായി കാണുന്നു. അധിക ചെലവ് ₹3,25,032/- അംഗീകരിക്കുന്നില്ല. പ്രസ്തുത വിഷയത്തിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (നം.5, തീ. 15.07.2021) നൽകിയതിൽ അധിക തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി ഫണ്ടിലേക്ക് അടവാക്കി രസീത് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക പുളിയന്മല ആഗ്രോ ഇൻഡസ്ട്രീസിസിൽ നിന്നും തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടവാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-31 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയിൽ (S0137/21) ഹോമിയോ ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും ₹1,50,000/- അടങ്കലായി പദ്ധതി തയ്യാറാക്കി. 20-11-2020 ൽ തുക പൂർണ്ണമായും മെഡിക്കൽ ഓഫീസറുടെ പേരിൽ ചേലച്ചുവടുള്ള യൂണിയൻ ബാങ്ക് ശാഖയിലെ അക്കൗണ്ടിലേയ്ക്ക് മാറ്റുകയും സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാസ്ബുക്ക് പരിശോധിച്ചതിൽ ₹33,888/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ തുകയ്ക്കുള്ള വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ചെലവഴിക്കപ്പെടാത്ത തുകൾ സുലേഖ സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ എന്നിവയിൽ ചെലവായി ഉൾപ്പെടുത്തുന്നത് ഉചിതമല്ല. കൂടാതെ ആശുപത്രിയുടെ ദൈനംദിന ചെലവുകളുടെ വൗച്ചറുകൾ ഗ്രാമപഞ്ചായത്തിൽ നിന്ന് പരിശോധിക്കുന്നുമില്ല. ഒരോ സാമ്പത്തിക വർഷവും അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിൽ തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വൗച്ചറുകൾ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സം ₹17,30,000/-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വിവിധ ഭവനപുനരുദ്ധാരണ പദ്ധതികളിൽ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അവസാന ഗഡു തുക നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന് അനുസരിച്ചായിരിക്കും ധനസഹായം നൽകേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018- ലെ സ.ഉ(കൈ)/22/18 ലെ ഖണ്ഡിക 6.7.6 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ഭവന പുനരുദ്ധാരണ പദ്ധതികളിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല എന്ന് കാണുന്നു.

| പദ്ധതി നം | പദ്ധതി | ബിൽ നം & തീയതി | ഗുണഭോക്താക്കളുടെ വിവരം | ചെലവഴിച്ച തുക ₹ |
|---|---|---|---|---|
| 122/2021 | വീട് മെയിന്റനൻസ് | 38/2020-21 | രാധിക കെ.ജി കല്ലുമേട്ടിൽ | 50000 |

| | | | | |
|---|---|---|---|---|
| | (പട്ടിക വർഗ്ഗം) | തീ:31.03.2021 ₹100000/- | തങ്കമ്മ വെള്ളൻ | 50000 |
| 127/2021 | വീട് മെയിന്റനൻസ് (പട്ടിക ജാതി) | 35/2020-21 തീ:23.06.2020 ₹200000/- | ജാന സത്യൻ, തേക്കുന്നേൽ | 50000 |
| | | | പെണ്ണമ്മ കുട്ടപ്പൻ, പാലയ്ക്കൽ | 50000 |
| | | | വിജയൻ സി.ബി , ചിറമാട്ടേൽ | 50000 |
| | | 39/2020-21 തീ:31.03.2021 ₹100000/- | സതി ജനാർദ്ദനൻ, തേൻപുരയ്ക്കൽ | 50000 |
| | | | ഷാജിമോൻ പി.ജി, പാറാമുണ്ടയിൽ | 50000 |
| | | | ധർമരാജൻ, വലിയ വിള പുത്തൻ വീട് | 50000 |
| 252/2021 | വീട് മെയിന്റനൻസ് (പട്ടിക ജാതി) സ്പിൽ ഓവർ | 01/2020-21 തീ:23.06.2020 ₹150000/- | ശിവൻ കറുമ്പന്, എടശ്ശേരിയിൽ | 50000 |
| | | | ബൈജു യു.ആർ, ഉപ്പുകുളം | 50000 |
| | | 12/2020-21 തീ:17.07.2020 ₹50000/- | ഷാജി പി.ജി, ചെങ്ങാട്ട് | 50000 |
| | | | രാജു കെ.ആർ, കീരിയാനിക്കൽ | 50000 |
| 310/2021 | ഭിന്നശേഷിക്കാർക്ക് വീട് വാസയോഗ്യമാക്കൽ | 05/2020-21 തീ:29.06.2021 ₹200000/- | റിനിത ബേബി, വിരുതാനത്ത് | 50000 |
| | | 10/2020-21 തീ:17.07.2021 ₹50000/- | എൽസി തോമസ് , പുപ്പള്ളിയിൽ | 50000 |
| | | 22/2020-21 തീ:12.01.2021 ₹50000/- | ബേബി ജോസഫ്, മണപ്പാട്ട് | 50000 |
| | | 17/2020-21 തീ:23.10. 2020 ₹100000/- | സോമൻ നീലകണ്ഠൻ, പണിക്കമാട്ടേൽ | 100000 |
| | | | ബിന്ദു പി.എൻ, പുത്തൻതുടിയിൽ | 100000 |
| 311/2021 | വീട് മെയിന്റനൻസ് (പട്ടിക വർഗ്ഗം) സ്പിൽ ഓവർ | 3/2020-21 തീ:29.08.2020 ₹100000/- | ജോർലി ജോർജ്ജ്, കണ്ടത്തിൻ കരയിൽ | 50000 |
| | | 9/2020-21 തീ:17.07.2020 ₹100000/- | സാമുവൽ ജോൺ, പീടികയിൽ | 50000 |
| | | 15/2020-21 തീ:23.10.2020 ₹150000/- | രാജു അയ്യപ്പൻ വട്ടത്തുവീട്ടിൽ | 50000 |
| | | ത്രുപ | സന്തോഷ് വി.ആർ , വയലിൽ | 50000 |
| | | | റബേക്ക ജോർജ്ജ്, കൊച്ചുപറമ്പിൽ | 50000 |
| | | | സാമുവൽ സി.ജി, ചെമ്പൻപ്ലാക്കൽ | 100000 |
| | | 21/2020-21 തീ:23.11.2020 ₹50000/- | ജോൺസൺ എം.എസ്, മാപ്പത്തടത്തിൽ | 50000 |
| | | 24/2020-21 തീ:19.02.2021 ₹50000/- | സരസമ്മ മണി, പറത്താനത്ത് | 50000 |
| | | 25/2020-21 തീ:19.02.2021 ₹80000/- | ജോസഫ് ചാക്കോ | 40000 |
| | | | വിൽസൺ വി.എൻ, വാലിപ്ലാക്കൽ | 40000 |
| 312/2021 | വീട് മെയിന്റനൻസ് (പട്ടിക വർഗ്ഗം) സ്പിൽ ഓവർ | 4/2020-21 തീ:29.06.2020 ₹200000/- | ചെല്ലപ്പൻ കെ.എൻ, കുരുടിയിൽ | 50000 |
| | | | സാമ്പശിവൻ, കോലത്തും ചിറയിൽ | 50000 |
| | | | ഷീജ സന്തോഷ്, നെല്ലാനിക്കൽ | 50000 |
| | | | സുലോചന രാജപ്പൻ, പുരലിയിൽ | 50000 |
| | | 16/2020-21 തീ:23.10.2020 ₹50000/- | ബിന്ദു സുധാകരൻ, തണലേൽ | 50000 |
| | | | **ആകെ** | 1730000 |

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വാല്യുവേഷൻ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹17,30,000/-യുടെ ചെലവ് തടസ്സം ചെയ്യുന്നു. വാല്യുവേഷൻ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൻമേൽ സെക്രട്ടറി, ഭരണസമിതി എന്നിവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

ലോകത്തെ ആകമാനം ബാധിച്ച കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചത്. യഥാസമയം തന്നെ രോഗ നിർണയം നടത്തുന്നതിനും രോഗികളെ കോവിഡ് കെയർ സെന്ററുകളിലേക്ക് എത്തിച്ച് വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി CFLTC, CSLTC, DCC എന്നിവ സജ്ജീകരിക്കുകയും ഗുരുതരാവസ്ഥയിലുള്ള രോഗികളെ ഇടുക്കി മെഡിക്കൽ കോളേജിലെ കോവിഡ് വാർഡുകളിലേക്കും മാറ്റുന്ന പ്രവർത്തനം യഥാവിധി നടന്നിട്ടുണ്ട്. രോഗികളുടെ ഹോം ക്വാറന്റൈനിലായ ബന്ധുക്കൾ, CFLTC, CSLTC എന്നിവയിൽ അഡ്മിറ്റ് ചെയ്ത രോഗികൾ, കോവിഡ് വോളന്റിയർമാർ തുടങ്ങിയവരുടെ ഭക്ഷ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചനുകളും രൂപീകരിക്കുകയുണ്ടായി. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് നാളിതുവരെ ₹4,51,444/- യാണ് ചെലവഴിച്ചിട്ടുള്ളത്. പ്രവർത്തനങ്ങളുടെ സാമ്പത്തിക ഇടപാടുകൾ ഏകോപിപ്പിക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം കാനറ ബാങ്ക്, കഞ്ഞിക്കുഴി ശാഖയിൽ ഒരു അക്കൗണ്ട് തുറന്നിട്ടുണ്ട് (അക്കൗണ്ട് നം. 6418101005994 ).

രോഗികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് വാർഡ് അംഗങ്ങളുടെ ചുമതലയിൽ ആരംഭിച്ച ഹെൽപ് ഡെസ്കുകൾ സേവനം തുടരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും RAPID RESPONSE TEAM (RRT)മെമ്പേഴ്സിനെ പ്രാഥമിക ആരോഗ്യം കേന്ദ്രം വഴി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗ ബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വികസന ഫണ്ട്, തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. എങ്കിലും ബഹുജന പങ്കാളിത്തത്തോടെ അവർക്ക് ജീവൻ രക്ഷാമരുന്ന് എത്തിച്ചു നൽകാൻ ശ്രമം നടന്നിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചനിലേക്ക് 330 കിലോഗ്രാം അരി സംഭാവനയായി ലഭിച്ചതൊഴികെ കോവിഡ് 19 ധനസഹായമായി തുകയൊന്നും ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി മുഖേന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

3-1 സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതെ കരാറുകാരന് അധികത്തുക അനുവദിച്ചു

പ്രോജക്റ്റ് നം.എസ് 050/2021 മില്ലുംപടി കലുങ്കുപടി കെട്ട്

പ്രോജക്റ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സാങ്കേതികാനുമതി തുക | ₹35,10,000/- (ആസ്തി പരിപാലന ഗ്രാന്റ് ) |
| കരാർ നം./ തീയതി | 45/AE/LSGD/KJZY/2020-21 തീ.25.01.2021 |
| കരാറുകാരൻ | എടാട്ട് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് |
| അളവു പുസ്തകം | 193/2020-21 |

മില്ലുംപടി കലുങ്കുപടി റോഡിൽ 19 മീറ്റർ നീളം X 2 മീറ്റർ ഉയരം X 1.2 മീറ്റർ വീതി അളവുകളിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ടാണിത്. പ്രസ്തുത പ്രോജക്ടിനുവേണ്ടി 04 ടെൻഡറുകളാണ് സമർപ്പിക്കപ്പെട്ടത്. 2020-21-ലെ ടെൻഡർ രജിസ്റ്ററിന്റെ പേജ് 50 പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | വാഗ്ദാനം ചെയ്ത നിരക്ക് | നിരക്കുകളുടെ താരതമ്യം |
|---|---|---|---|
| 1 | ശ്രീ. പി.കെ. സത്യൻ | 20.1 % (കുറവ് ) | L1 |
| 2 | ശ്രീ. രാജൻ വർഗീസ് | 16.7 % (കുറവ് ) | L2 |
| 3 | ശ്രീ. പി. എസ് രാജീവ് | 16 % (കുറവ് ) | L3 |
| 4 | എടാട്ട് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, വെൺമണി | 10.52 % (കുറവ് ) | L4 |

കേന്ദ്ര MSME വകുപ്പ്, ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ എന്നിവയിൽ രജിസ്റ്റർ ചെയ്ത സാക്ഷ്യപത്രങ്ങൾ സഹിതമാണ് ക്രമ നമ്പർ 4-ാമത് പ്രകാരമുള്ള കരാർ സ്ഥാപനം ടെൻഡറിൽ പങ്കെടുത്തത്. ധനകാര്യവകുപ്പിന്റെ 07.11.2013-ലെ ജി.ഒ(പി) നം.546/2013 നമ്പർ ഉത്തരവ് അനുസരിച്ച്, മേൽപ്രസ്താവിച്ച രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് ടെൻഡർ ഫോം വില, നിരതദ്രവ്യം ഒടുക്കൽ എന്നീ നിബന്ധനകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മേൽ ഉത്തരവിന്റെ ഖണ്ഡിക D -യിലെ വ്യവസ്ഥകൾ ചുവടെ പരാമർശിക്കുന്നു.

" In Tender, Participating Micro & Small Enterprises Quoting Price Within Price Band Of L1 + 15% Shall Also Be Allowed To Supply A Portion Of Requirement By Bringing Down Their Price To L1 Price If The L1 Price Is From Some One Other Than The Micro & Small Enterprises And Such Micro & Small Enterprises Be Allowed To Supply 20% Of The Total Tendered Value." ഇതുപ്രകാരം ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന കരാറുകാരനേക്കാൾ 15% അധിക തുകയ്ക്കുള്ളിലാണ് MSME-കൾ ക്വോട്ടു ചെയ്യുന്നതെങ്കിൽ അവരുടെ നിരക്ക് L1-ലേക്കെത്തിച്ച് ആകെ ടെൻഡർ തുകയുടെ 20% നടപ്പാക്കാനുള്ള അനുമതി നൽകേണ്ടതാണ്. നിർമാണ പ്രവൃത്തിയായതിനാൽ അതിന്റെ 20% MSME-കൾ വഴി നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ പൂർണമായ നിർവഹണ ചുമതല പ്രസ്തുത സ്ഥാപനത്തിന് നൽകുന്നപക്ഷം അത് L1 വാഗ്ദാനം ചെയ്ത എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20.1% കുറഞ്ഞ നിരക്കിലായിരുന്നു അനുവദിക്കേണ്ടിയിരുന്നത്. സർക്കാർ ഉത്തരവിലെ നിബന്ധനകൾ ഇതായിരിക്കെ, ടി സ്ഥാപനം ക്വോട്ടു ചെയ്ത 10.52% അംഗീകരിക്കുകയും ആകെ വേലമൂല്യത്തിൽനിന്ന് 10% തുക ടെൻഡർ വ്യത്യാസമായി കുറവു ചെയ്ത് ഫൈനൽ ബിൽ നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

അനുവദിച്ചതും അനുവദിക്കാവുന്നതുമായ തുകയുടെ വിശദാംശങ്ങൾ

| അനുവദിച്ച തുക₹ | | അനുവദിക്കാവുന്ന തുക ₹ | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| ആകെ വേലമൂല്യം | 313355 | ആകെ വേലമൂല്യം | 313355 |
| (-) ടെൻഡർ വ്യത്യാസം (10%) | 31335 | (-) ടെൻഡർ വ്യത്യാസം (20.1%) | 62984 |
| ബാക്കി തുക | 282019 | ബാക്കി തുക | 250371 |
| (+) GST 12% | 33842 | (+) GST 12% | 30045 |
| ആകെ | 315861 | ആകെ | 280416 |
| (-) GST TDS 2% | 5640 | (-) GST TDS 2% | 5007 |
| (-) IT 1% | 2820 | (-) IT 1% | 2504 |
| (-) KCWWF 1% | 2820 | (-) KCWWF 1% | 2504 |
| കരാറുകാരന് നൽകിയ അറ്റ തുക | 304581 | കരാറുകാരന് നൽകാവുന്ന അറ്റ തുക | 270401 |
| ബിൽ നം. /തീയതി | 20100652010601192433/ തീ.05.03.2021 | അധികം നൽകിയ തുക | 34180 |

അധികമായി തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണമെന്തെങ്കിലും നൽകുവാനുള്ളപക്ഷം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും (നം.4/തീയതി 15.07.2021) സമർപ്പിച്ചില്ല. ടെൻഡർ അംഗീകരിക്കുന്നതിന് മുൻപായി L4 സ്ഥാപനവുമായി കൂടിയാലോചന നടത്തി L1 നിരക്കിൽ പ്രവൃത്തി നിർവഹിക്കുന്നതിനുള്ള സമ്മതപത്രം വാങ്ങിയതായി രേഖയില്ല. സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിനുമുൻപ് നിരക്ക് സംബന്ധിച്ച വിഷയത്തിൽ വ്യക്തത വരുത്താതിരുന്നതാണ് അധികച്ചെലവിന് ഹേതുവായത്. ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാതെ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതു വഴി പഞ്ചായത്തു ഫണ്ടിന് നഷ്ടം സംഭവിച്ചതിന് ഉത്തരവാദി അസി. എൻജിനിയറായ ശ്രീ. പി. ബി. പ്രമോദ് ആയതിനാൽ പ്രസ്തുത തുക ടി ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

3-2 ജൈവവളം വിതരണം-₹325032/- യുടെ അധിക ചെലവ്

| | |
|---|---|
| പദ്ധതി നം. | 212/2021 |
| പദ്ധതി | ജൈവവളം വിതരണം |
| അടങ്കൽ | ₹12,99,780/- പൊതു വിഭാഗം |

| | |
|---|---|
| | ₹1,24,968/- ഗുണഭോക്തൃവിഹിതം |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വേപ്പിൻ പിണ്ണാക്ക് വാങ്ങി നൽകൽ പദ്ധതിയിൽ പുളിയന്മല ആഗ്രോ ഇൻഡസ്ട്രീസിസിൽ നിന്നും ടെണ്ടർ മുഖേന കിലോഗ്രാമിന് ₹24.9/- നിരക്കിൽ താഴെ പരാമർശിക്കും പ്രകാരം പ്രകാരം വളം വാങ്ങി നൽകിയിട്ടുണ്ട് (അക്കൗണ്ട് നം: 0893073000000004 SIBL 0000893).

| ബിൽ നം | തീയതി | വളത്തിന്റെ അളവ് (കി.ഗ്രാം) | വില ₹ | സ്ഥാപനത്തിന് നല്കിയ തുക ₹ | ബിൽ നം & തീയതി |
|---|---|---|---|---|---|
| 1861 | 11.02.2020 | 12450 | 310005 | 310005 | 3/2020-21 തീ 21.04.2021 2010065200830015766 |
| 1862 | 11.02.2020 | 12450 | 310005 | 31005 | 3/2020-21 തീ 21.04.2021 2010065200830019855 |
| 1971 | 190.03.2020 | 7050 | 175545 | 175545 | 8/2020-21 തീ 28.05.2021 20100652008300189989 |
| 1915 | 26.02.2020 | 10200 | 253980 | 253980 | 7/2020-21 തീ 29.052021 20100652008300189985 |
| | | ആകെ | 1049535 | 1049535 | |

പ്രസ്തുത പദ്ധതി 2019-20 ലെ 24/2020 നമ്പരായുള്ള പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയാണ് (അടങ്കൽ ₹13,50,000/- പൊതു വിഭാഗം ₹4,50,000/-ഗുണഭോക്തൃവിഹിതം). ഈ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതമായി ₹405/- വീതം ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും അതിൽ നിന്നും താഴെ പരാമർശിക്കും പ്രകാരം ഗുണഭോക്തൃ വിഹിതം 2019-20 വർഷം പുളിയന്മല ആഗ്രോ ഇൻഡസ്ട്രീസിസിൽ നൽകിയിട്ടുണ്ട്.

| ട്രഷറി തനത് ഫണ്ട് ചെക്ക് നം | തീയതി | തുക₹ |
|---|---|---|
| 706520 | 17.02.2020 | 155044 |
| 5706533 | 31.03.2020 | 169988 |
| | **ആകെ** | 325032 |

പൊതുവിഭാഗത്തിന് ജൈവവള പദ്ധതിക്ക് 75% സബ്സിഡി നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ സ.ഉ(കൈ)/22/18 ലെ ഖണ്ഡിക 6.1.1 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിച്ചുവെങ്കിലും പ്രസ്തുത തുക സർക്കാർ ഫണ്ടിൽ നിന്നും കുറവ് ചെയ്യാതെയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. ആയതിനാൽ ₹3,25,032/-യുടെ അധിക ചെലവ് വന്നതായി കാണുന്നു. അധിക ചെലവ് ₹3,25,032/- അംഗീകരിക്കുന്നില്ല. പ്രസ്തുത വിഷയത്തിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (നം.5, തീ. 15.07.2021) നൽകിയതിൽ അധിക തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി ഫണ്ടിലേക്ക് അടവാക്കി രസീത് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക പുളിയന്മല ആഗ്രോ ഇൻഡസ്ട്രീസിസിൽ നിന്നും തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടവാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | - |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെൽട്രോൺ | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ | 20100652003500056662 തീ.11.04.20 | 165647 | 0 | 165647 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹30,40,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | വരവ് ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം കെ.യു.ആർ.ഡി.എഫ്.സി. | 2101 28.11.2009 | 9000000 | 18924 | | 18924 | - | 0.00 |
| ജവഹർ ഭവന പദ്ധതി | 294573 30.09.2015 | 21180000 | 12100000 | | 2500000 | | 9600000 |
| ലൈഫ് ഭവന പദ്ധതി | - | - | 55402788 | 3040000 | 4125291 | 0.00 | 54317497 |

ലോൺ രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് തുകകൾ എടുത്തിരിക്കുന്നത്

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8000000 |
| പലിശവരവ് | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹8000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹8000000 |

ട്രഷറിയിൽ സ്ഥിര നിക്ഷേപം നടത്തിയിരിക്കുന്ന ₹80,00,000/- കാലാവധി 02.01.2021ൽ അവസാനിച്ചതിനാൽ പുതുക്കുന്നതിനായി ഔദ്യോഗികമായി കത്ത് നൽകിയിരുന്നു എങ്കിലും പുതുക്കി ലഭിച്ചിട്ടില്ല.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ട്രഷറി | 03.01.2020 | 13മാസം | 4500000 | FD No. 799010500895899 |
| 2 | ട്രഷറി | 03.01.2020 | 13മാസം | 3500000 | FD No. 799010500895900 |
| ആകെ | | | | 8000000 | |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹52,630/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./തീയതി |
|---|---|---|---|---|
| 2016-17 | 3-4 | 6579 | സജീവൻ നാരായണൻ | 12004102145/12.11.2020 |
| 2016-17 | 3-4 | 6578 | രാജേശ്വരി രാജൻ | 12004102150/12.11.20 |
| 2016-17 | 3-4 | 6579 | ബിന്ദു അഭയൻ | 12004102151/12.11.20 |
| 2016-17 | 3-4 | 6579 | ടിൻസി തോമസ് | 12004102236/16.11.20 |
| 2016-17 | 3-4 | 6579 | പുഷ്പ ഗോപി | 12004102268/17.11.20 |
| 2016-17 | 3-4 | 6578 | പ്രദീപ് എം എം | 12004102296/17.11.20 |
| 2016-17 | 3-4 | 6579 | രാജി ചന്ദ്രൻ | 12004102358/18.11.20 |
| 2016-17 | 3-4 | 6579 | ജോസ് പൗലോസ് | 12004102383/17.11.20 |
| ആകെ | | 52630 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 7.6.6(li) | 1999-2000വർഷത്തിൽ എസ്.സി.പി. വിഭാഗത്തി ലുള്ളവർക്ക് നടീൽ വസ്തുക്കൾ വിതരണം (കശുമാവിൻ തൈകൾ) ചെയ്തതിൽ 20.8.1998 ലെ സ.ഉ.(പി) നമ്പർ 175/98/ത.ഭ.വ. എന്ന ഉത്തരവിൽ നിഷ്കർഷിച്ച പരിധിയിലുമധികം സബ്സിഡി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിൽ ₹57,000/- ബാദ്ധ്യത നിശ്ചയിച്ചത് | പഞ്ചായത്തിന് നഷ്ടമായ ₹57,000/- ശ്രീ. ജോർജ് വി. തോമസിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 11.09.2012ൽ കത്ത് സമർപ്പിച്ചിട്ടുള്ളതാണ് |
| | | 2013-14 | 5.2.4(1) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – വിഷയാധിഷ്ഠിത അവലോകനം സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല | ശുദ്ധജല വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| | | 2013-14 | 5.2.4(9) | സ്കൂൾ ചുറ്റുമതിൽ ഇല്ലാത്തത് | സ്ഥലത്തിന്റെ ഉടമ ജില്ലാപഞ്ചായത്ത് ആണ്. ചുറ്റുമതിൽ നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| | | 2013-14 | 5.2.4(16) | വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നുണ്ട് |
| | | 2013-14 | 5.2.4(18) | സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവശിക്ഷാ അഭിയാനും | സർവ ശിക്ഷാ അഭിയാൻ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട് |
| 2015-16 | 2-2 | 2016-17 | അനുബന്ധം-4 | വസ്തു നികതി അപാകതകൾ | |
| 2015-16 | 2-2 | 2016-17 | അനുബന്ധം 4 | വസ്തുനികുതി അപാകതകൾ | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഉണ്ട്/ഇല്ല | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 30 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | 661.00 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 661.00 | |
| 2 | 1996-97 | 31 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | 3262.45 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3262.45 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? ഉണ്ട്/ഇല്ല | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 36 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF.25784 Spl.Cell./ SC2/99/ 02.03.01 | 1960 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1960 | |
| 2 | 1996-97 | 37 | ശ്രീ. കെ. പി. അബ്ദുൾ ഖാദർ കുഞ്ഞ് സെക്രട്ടറി | LF.25784/ Spl.Cell./ SC2/99/ 03.12.01 | 7532 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7532 | |
| 3 | 2000-01 | 32 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | ലഭ്യമല്ല | 8580 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8580 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 2000-01 | 33 | ശ്രീ. പി. ജെ. ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | 9499 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9499 | |
| 5 | 2000-01 | 34 | ശ്രീ. പി. ജെ. ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | 1139 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1139 | |
| 6 | 2000-01 | 37 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 13.11.06 | 27476 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 27476 | |
| 7 | 2000-01 | 43 | ശ്രീ. ബിജു പി. എൻ. അസി. എൻജിനീയർ | LF.11729/ Spl.Cell./ SC2/05/ 13.11.06/ 14.02.07 | 873 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 873 | |
| 8 | 2003-04 | 3-6 | ശ്രീ. കെ. ജെ. ജോൺസൺ അസി. എൻജിനീയർ | LF.2502/ Spl.Cell./ SC2/08/ 12.05.10 | 1403 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1403 | |
| 9 | 2003-04 | 3-7 | ശ്രീ. കെ. ജെ. ജോൺസൺ അസി. എൻജിനീയർ | LF.2502/ Spl.Cell./ SC2/08/ 12.05.10 | 1881 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1881 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,85,09,293 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹13,23,54,270 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് | ₹3,59,212 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക | ₹63,07,207 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ് ചെയ്യാവുന്നവ | |
| 1-22 & 3-1 | .. | 34,180 | ശ്രീ. പ്രമോദ് പി. ബി., അസി. എഞ്ചിനീയർ |
| 1-30 & 3-2 | .. | 3,25,032 | ശ്രീമതി കെ. കെ. ആതിര, കൃഷി ഓഫീസർ |
| | ആകെ | 3,59,212 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 20,000 | ശ്രീ പി.പി സജീവ്, അസിസ്റ്റന്റ് സെക്രട്ടറി. |
| 1-20 | 45,940 | ശ്രീ പി.പി സജീവ്, അസിസ്റ്റന്റ് സെക്രട്ടറി. |
| 1-21 | 1,00,000 | ശ്രീ ഷിജോഷ് ജോർജ്ജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. |
| 1-27 | 44,11,267 | ശ്രീമതി ഷിബുമോൾ മോഹനൻ , ഐ.സി.ഡി.എസ് സൂപ്പർവൈസർ. |
| 1-32 | 17,30,000 | ശ്രീ ഷിജോഷ് ജോർജ്ജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. |
| ആകെ | 63,07,207 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - ഇല്ല - | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ.) റിപ്പോർട്ടിൽ പ്രതിപാദിച്ച നഷ്ടത്തിന്/തടസ്സത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽ വിലാസവും

| പേരും ഔദ്യോഗിക മേൽവിലാസവും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷിബുമോൾ മോഹനൻ , ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | വെട്ടിക്കാട്ടിൽ വീട് പഴയരിക്കണ്ടം. ഇടുക്കി ജില്ല 685686 |
| ശ്രീ പി.പി സജീവ്, അസിസ്റ്റന്റ് സെക്രട്ടറി. | അസിസ്റ്റന്റ് സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | പറങ്കിവേലി പതിനാറാം കണ്ടം രാജമുടി പി.ഒ മുരിക്കാശ്ശേരി ഇടുക്കി. |
| ശ്രീ ഷിജോഷ് ജോർജ്ജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ചെറ്റാരിക്കൽ വീട് പൂഞ്ഞാർ പി.ഒ. കോട്ടയം ജില്ല |
| ശ്രീമതി കെ.കെ ആതിര, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | നാരക്കുന്നേൽ ദേവരുപാറ പി. ഒ., പൂച്ചപ്ര ഇടുക്കി |
| ശ്രീ. പ്രമോദ് പി. ബി. അസി. എഞ്ചിനീയർ | അട്ടുത്തുൺപറ്റി | പോത്തനാശ്ശേരിൽ വണ്ണപ്പുറം ഇടുക്കി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക (എണ്ണം) | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക(നമ്പർ) |
|---|---|---|---|
| 1977-78<br>1978-79<br>1979-80<br>1980-81<br>1981-82<br>1982-83<br>1983-84 | എൽ.എഫ്.ഐ-9/485/99/10.11.1998 | | |
| 1984-85 | എൽ.എഫ്.ഐ-6/679/89/11.07.1990 | | |
| 1985-86 | എൽ.എഫ്.ഐ-6/565/90/05.10.1990 | | |
| 1986-87 | എൽ.എഫ്.ഐ-6/408/92/12.11.1992 | | |
| 1987-88<br>1988-89 | എൽ.എഫ്.ഐ-6/648/92/12.11.1992 | | |
| 1989-90 | എൽ.എഫ്.ഐ-6/200/93/23.11.1993 | | |
| 1990-91<br>1991-92 | എൽ.എഫ്.ഐ-6/440/93/23.11.1993 | | |
| 1992-93<br>1993-94 | എൽ.എഫ്.ഐ-6/444/94/17.10.1994 | | |
| 1994-95 | എൽ.എഫ്.ഐ-6/374/97/09.10.1997 | | |
| 1996-97 | എൽ.എഫ്.ഐ-9/132/98/20.10.1999 | 4 | 30,31,36,37 |
| 1999-00 | എൽ.എഫ്.ഐ-9/469/01/26.06.2002 | 2 | 29,33 |
| 2000-01 | എൽ.എഫ്.ഐ-9/452/03/31.12.2003 | 5 | 32,33,34,37,43 |
| 2002-03 | എൽ.എഫ്.ഐ-9/690/04/06.05.2005 | 1 | 3-7 |
| 2003-04 | എൽ.എഫ്.ഐ-9/243/06/12.12.2006 | 2 | 3-6,3-7 |
| 2006-07 | എൽ.എഫ്.ഐ-9/875/09/23.07.09 | 12 | 2-1 മുതൽ 2-9 വരെ<br>3-1 മുതൽ 3-3 വരെ |
| 2007-08 | എൽ.എഫ്.ഐ-13/778/11/18.06.12 | 29 | 2-1 മുതൽ 2-10 വരെ,<br>3-1, 3-2,<br>3-4 മുതൽ 3-20 വരെ |
| 2008-09 | എൽ.എഫ്.ഐ-13/779/11/07.10.11 | 12 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-6 വരെ |
| 2009-10 | എൽ.എഫ്.ഐ-13/780/11/07.10.11 | 19 | 2-1 മുതൽ 2-9 വരെ3-4,<br>3-1 മുതൽ 3-10 വരെ |
| 2010-11 | എൽ.എഫ്.ഐ-13/1403/13/01.12.14 | 6 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-3 വരെ3-4, |
| 2011-12 | എൽ.എഫ്.ഐ-13/802/14/01.12.14 | 15 | 2-1 മുതൽ 2-4 വരെ<br>3-1, 3-2, 3-4,<br>3-6 മുതൽ 3-13വരെ |
| 2012-13 | എൽ.എഫ്.ഐ-13/1330/14/07.01.14 | 12 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-8 വരെ |

| | | | |
|---|---|---|---|
| 2013-14 | കെ എസ് എ-ഐ ഡി കെ-13/459/16/31.08.16 | 11 | 1-10, 2-1, 3-1,<br>3-3മുതൽ 3-10 വരെ |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-13/1370/16/16.10.16 | 14 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-7 വരെ |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-13/328/17/18.04.17 | 11 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-4 വരെ<br>3-6 മുതൽ 3-9 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-13/1665/17/01.01.18 | 14 | 1-12,<br>2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-19 വരെ |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-13/1401/2018/30.4.2019 | 22 | 1-12,2-1,2-3,3-1, 3-2, 3-3,<br>3-4,3-5, 3-6, 3-7,3-8, 3-9,<br>3-10,3-11,3-12,3-13,3-14,<br>3-15,3-16,3-17,3-18, 3-19 |
| 2018-19 | KSA IDK-13/984/2019/30.11.2019/22.2.2020 | 21 | 1-11, 1-12, 1-13, 1-14, 1-15,<br>1-16, 1-17, 1-18, 1-19, 1-20,<br>1-21, 1-22, 1-23, 1-24, 1-27, 1-28,<br>1-29, 1-31, 1-32, 1-33, 4-8 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്